2023
MAY
03
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## വന്ദേഭാരതിന്റെ സമയം മാറും; ഒരാഴ്ച കൂടി വിലയിരുത്തിയ ശേഷം പുനഃക്രമീകരിക്കും

**കൊച്ചി:** തിരുവനന്തപുരം കാസർകോട് വന്ദേഭാരത് ട്രെയിനിന്റെ സമയം പുനഃപരിശോധിച്ചു വേണ്ട മാറ്റം വരുത്തും. ഒരാഴ്ച കൂടി ട്രെയിന്റെ ഓട്ടം വിലയിരുത്തിയ ശേഷം ഇട സ്റ്റേഷനുകളിലെ സമയം പുനഃക്രമീകരിക്കും. ചില സ്റ്റേഷനുകളിൽ നിശ്ചിത സമയത്തിൽ കൂടുതൽ ട്രെയിൻ നിൽക്കുന്നതും തുടരെയുള്ള വേഗനിയന്ത്രണങ്ങളും ലോക്കോ പൈലറ്റുമാരുടെ പരിചയക്കുറവും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ വന്ദേഭാരതിന്റെ ഓട്ടത്തെ ബാധിക്കുന്നുണ്ട്.

2 മിനിറ്റ് സ്റ്റോപ്പുള്ള സ്റ്റേഷനുകളിൽ 5 മുതൽ 12 മിനിറ്റ് വരെയാണു ട്രെയിൻ നിൽക്കുന്നത്. കാസർകോട് സമയത്ത് എത്തുന്നുണ്ടെങ്കിലും ഇടയ്ക്കുള്ള സ്റ്റേഷനുകളിലാണു കൃത്യസമയം പാലിക്കാത്തത്.

ഓട്ടോമാറ്റിക് ഡോറുകൾ ആളുകൾക്കു പരിചിതമല്ലാത്തതും ഭക്ഷണം ലോഡ് ചെയ്യാൻ കൂടുതൽ സമയം എടുക്കുന്നതും ട്രെയിൻ വൈകാനിടയാക്കുന്നുണ്ട്. തിരുവനന്തപുരം ഡിവിഷനിലാണു സമയം നഷ്ടം കൂടുതലും. ഇതിനു പ്രധാന കാരണം ട്രാക്ക് നവീകരണവുമായി ഏർപ്പെടുത്തിയിട്ടുള്ള വേഗനിയന്ത്രണങ്ങളാണ്. ഇരുദിശയിലുമായി 34 വേഗനിയന്ത്രണങ്ങളാണുള്ളത്.

## തിരൂരിൽ സ്റ്റോപ്പ്: ഹർജി തള്ളി

**കൊച്ചി:** വന്ദേഭാരത് ട്രെയിനിന് മലപ്പുറം തിരൂരിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് തിരൂർ സ്വദേശിയായ അഭിഭാഷകൻ പി.ടി. ഷീജിഷ് നൽകിയ ഹർജി ഹൈക്കോടതി തള്ളി. ഇതു റെയിൽവേയുടെ അധികാര പരിധിയിലുള്ള കാര്യമാണെന്നും സ്റ്റോപ്പ് അനുവദിക്കുന്നതിൽ കോടതിക്ക് ഇടപെടാനാവില്ലെന്നും വ്യക്തമാക്കിയാണു ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്, ജസ്റ്റിസ് സി.ജയചന്ദ്രൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഹർജി തള്ളിയത്. സ്റ്റോപ്പ് തീരുമാനിക്കുന്നത് റെയിൽവേയാണെന്നും നിശ്ചിത സ്റ്റോപ്പിൽ ട്രെയിൻ നിർത്തണമെന്ന് ആവശ്യപ്പെടാൻ വ്യക്തികൾക്ക് അവകാശമില്ലെന്നും കോടതി പറഞ്ഞു. എല്ലാ ജില്ലകളിലുമുള്ളവർ ഇഷ്ടത്തിന് അനുസരിച്ച് സ്റ്റോപ്പ് ആവശ്യപ്പെട്ടാൽ ഹൈ സ്പീഡ് ട്രെയിനുകൾ ആരംഭിക്കുന്നതിന്റെ ലക്ഷ്യം തന്നെ നഷ്ടപ്പെടും.

### സാമ്പത്തിക പ്രതിസന്ധി

## ഗോ ഫസ്റ്റ് രണ്ടു ദിവസത്തെ വിമാന സർവീസുകൾ സസ്പെൻഡ് ചെയ്തു




**മുംബൈ:** കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് വാഡിയ ഗ്രൂപ്പിൻറെ ഉടമസ്ഥതയിലുള്ള ഗോ ഫസ്റ്റ് എയർലൈൻ രണ്ടു ദിവസത്തെ സർവീസുകൾ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചതായി എയർലൈൻ മേധാവി കൗശിക് ഖോന അറിയിച്ചു. മേയ് 3, 4 തീയതികളിലെ വിമാന സർവീസാണ് സസ്പെൻഡ് ചെയ്തത്.

നിലവിൽ ഫണ്ട് ലഭ്യമില്ലാത്തതിനാൽ ഡൽഹിയിലെ നാഷനൽ കമ്പനി ലോ ട്രൈബ്യൂണലിനെ (എൻസിഎൽടി) കമ്പനി സമീപിച്ചിട്ടുണ്ട്. വിമാന എൻജിനുകൾ നൽകുന്ന പ്രാറ്റ് ആൻഡ് വിറ്റ്നിയെന്ന (പി ആൻഡ് ഡബ്ല്യു) സ്ഥാപനത്തിനു പണം കൊടുക്കാനുള്ളതിനാൽ വിതരണം ചെയ്യുന്നത് അവർ നിർത്തിവച്ചു. ഇതിനെ തുടർന്ന് ഗോ ഫസ്റ്റിൻറെ പകുതിയോളം സർവീസുകൾ, അതായത് 28 വിമാനങ്ങളുടെ സർവീസുകൾ നിർത്തിവയ്ക്കേണ്ടി വന്നിരുന്നു. ഇത് നിർഭാഗ്യകരമായ തീരുമാനമാണ്. കമ്പനിയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഈ തീരുമാനം എടുക്കേണ്ടി വന്നു. നിലവിലെ സംഭവവികാസങ്ങളെക്കുറിച്ച് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഏവിയേഷൻ റെഗുലേറ്റർ, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷന് (ഡിജിസിഎ) വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും. എൻസിഎൽടി അപേക്ഷ സ്വീകരിച്ചുകഴിഞ്ഞാൽ വിമാന സർവീസുകൾ പുനരാരംഭിക്കും.ഗോ ഫസ്റ്റ് എയർലൈൻസിൽ 5000ൽ അധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

## മുതിർന്ന പൗരന്മാരുടെ ഇളവ് ഒഴിവാക്കി; റെയിൽവേയ്ക്ക് അധികലാഭം 2,242 കോടി

**ന്യൂഡൽഹി :** മുതിർന്ന പൗരന്മാരുടെ ടിക്കറ്റ് നിരക്കിളവ് ഒഴിവാക്കിയതിലൂടെ റെയിൽവേയ്ക്കു ശതകോടികളുടെ അധിക വരുമാനം. 2022,23 സാമ്പത്തിക വർഷത്തിൽ 2,242 കോടി രൂപയാണ് ഈയിനത്തിൽ റെയിൽവേയ്ക്ക് ലാഭമെന്നു വിവരാവകാശ മറുപടിയിൽ വ്യക്തമാക്കി. കോവിഡ് മഹമാരിയുടെ പശ്ചാത്തലത്തിലാണു ടിക്കറ്റ് നിരക്കിളവ് പിൻവലിച്ചത്.

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ എട്ടു കോടിയോളം മുതിർന്ന പൗരന്മാർക്ക് ഇളവ് അനുവദിച്ചില്ലെന്നു മധ്യപ്രദേശിലെ ചന്ദ്രശേഖർ ഗൗർ നൽകിയ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയിൽ റെയിൽവേ പറയുന്നു. 4.6 കോടി പുരുഷന്മാർ, 3.3 കോടി സ്ത്രീകൾ, 18,000 ട്രാൻസ്ജൻഡർമാർ എന്നിവർ ഇക്കൂട്ടത്തിലുണ്ട്. നിരക്കിളവ് ഒഴിവാക്കിയതോടെ മുതിർന്ന പൗരന്മാരുടെ ആകെ ടിക്കറ്റ് വരുമാനം 5,062 കോടിയായി.

നിരക്കിളവ് പിൻവലിച്ച 2020,22 കാലയളവിൽ മുതിർന്ന പൗരന്മാരിൽനിന്നുള്ള ആകെ വരുമാനം 3,464 കോടിയായിരുന്നു. ഇതിൽ കൺസഷൻ റദ്ദാക്കിയതിനെ തുടർന്നുള്ള 1,500 കോടിയും ഉൾപ്പെടുന്നു.

58 വയസ്സ് പൂർത്തിയായ സ്ത്രീകൾക്കും 60 തികഞ്ഞ പുരുഷന്മാർക്കുമാണ് ഇളവിന് അർഹത. കോവിഡിനെ തുടർന്ന് 2020 മാർച്ചിൽ താൽക്കാലികമായി നിർത്തിവച്ച കൺസഷൻ ഇതുവരെ പുനഃസ്ഥാപിച്ചിട്ടില്ല

## സിദ്ധാർഥ മൊഹന്തി എൽഐസി ചെയർമാൻ

**ന്യൂഡൽഹി:** ലൈഫ് ഇൻഷുറൻസ് കോർപറേഷന്റെ (എൽഐസി) ചെയർമാനായി സിദ്ധാർഥ മൊഹന്തിയെ കേന്ദ്രസർക്കാർ നിയമിച്ചു.

മുൻ ചെയർമാനും മലയാളിയുമായ എം.ആർ. കുമാർ മാർച്ചിൽ വിരമിച്ചതിനു പിന്നാലെ 3 മാസത്തേക്ക് ഇടക്കാല ചെയർമാനായി മൊഹന്തിയെ നിയമിച്ചിരുന്നു. അതുവരെ എൽഐസിയുടെ എംഡിയും സിഇഒയുമായിരുന്നു.

പുതിയ നിയമനം അനുസരിച്ച് 2024 ജൂൺ വരെയാണ് ചെയർമാൻ പദത്തിലെ കാലാവധി. ഒഡീഷയിൽ നിന്നുള്ള മൊഹന്തി 1985ൽ അപ്രന്റിസ് ഓഫിസറായാണ് എൽഐസിയിൽ എത്തുന്നത്.



### 513 സബ് സെന്ററുകളുടെ പുതിയ കെട്ടിടങ്ങൾക്ക് 284 കോടി

സംസ്ഥാനത്തെ 513 സബ് സെന്ററുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ ദേശീയ ധനകാര്യ കമ്മീഷൻ വഴി 284 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരു സബ് സെന്ററിന് 55.5 ലക്ഷം എന്ന നിലയിലാണ് അനുവദിച്ചിരിക്കുന്നത്. ഇതു കൂടാതെ 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പുതിയ കെട്ടിടം സ്ഥാപിക്കാൻ 1.43 കോടിയുടെ വീതം അനുമതി ലഭ്യമായിട്ടുണ്ട്. ആദ്യഘട്ടമായി ആകെ 152.75 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

സ്വന്തമായി കെട്ടിടമില്ലാത്ത സബ് സെന്ററുകൾക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും വരും വർഷങ്ങളിൽ പുതിയ കെട്ടിടം ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്. അതാത് പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങൾ വഴി സ്ഥലം ലഭ്യമാക്കിയാൽ വരും വർഷങ്ങളിൽ കൂടുതൽ കെട്ടിടങ്ങൾക്കായി പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിക്കുന്നതാണ്.

സംസ്ഥാനത്തെ സബ് സെന്ററുകൾ വഴിയുള്ള ഇസഞ്ജീവനി ശക്തമാക്കാനും തുകയനുവദിച്ചു. 5409 സബ് സെന്ററുകളിൽ ഇ സഞ്ജീവനി സംവിധാനമൊരുക്കുന്നതിന് 37.86 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡെസ്ക് ടോപ്പ്, പ്രിന്റർ, വെബ്ക്യാമറ, സ്പീക്കർ, ഹെഡ് ഫോൺ, മൈക്ക് എന്നിവയുൾപ്പെടെയുള്ളവ ഇ സഞ്ജീവനിയ്ക്കായൊരുക്കും.

# ഇന്നലെ മുതൽ സിഗ്നൽ ഇല്ല; കണ്ടെത്താനാവാതെ വനംവകുപ്പ്

**കുമളി:** അരിക്കൊമ്പന്റെ സാറ്റലൈറ്റ് റേഡിയോ കോളറിൽ നിന്നുള്ള സിഗ്നലുകൾ ഇന്നലെ പുലർച്ചെ മുതൽ ലഭിക്കുന്നില്ല. അരിക്കൊമ്പൻ കാട്ടിൽ എവിടെയെന്നു കണ്ടെത്താനാവാതെ വനംവകുപ്പ്. ആന ചോലവനത്തിലായതിനാലാകാം സിഗ്നലുകൾ ലഭിക്കാത്തതെന്നാണു വനം വകുപ്പിന്റെ വിലയിരുത്തൽ. ഇടതൂർന്ന മരങ്ങളുള്ള വനത്തിനുള്ളിലായാൽ സാറ്റലൈറ്റുമായുള്ള ബന്ധം ലഭിക്കാതെ പോകുമെന്ന് വിദഗ്ധർ പറയുന്നു.



അരിക്കൊമ്പനെ പെരിയാർ ടൈഗർ റിസർവ് വനമേഖലയിൽ തുറന്നുവിട്ട ശേഷം ഓരോ മണിക്കൂർ ഇടവിട്ട് സാറ്റലൈറ്റ് കോളറിൽ നിന്നു സിഗ്നൽ കിട്ടിക്കൊണ്ടിരുന്നതാണ്. എന്നാൽ ഇന്നലെ പുലർച്ചെ നാലിനു ശേഷമാണ് സിഗ്നൽ നഷ്ടപ്പെട്ടത്. വനംവകുപ്പ് വാച്ചർമാരെ നിരീക്ഷണത്തിന് നിയോഗിച്ചിട്ടുണ്ടെങ്കിലും അരിക്കൊമ്പൻ എവിടെയെന്ന് അവർക്കും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇന്നലെ പുലർച്ചെ ലഭിച്ച സിഗ്നൽ പ്രകാരം തമിഴ്നാട് വനമേഖലയ്ക്ക് 5 കിലോമീറ്റർ സമീപത്ത് അരിക്കൊമ്പൻ എത്തി. ആനയെ ഇറക്കിവിട്ട സന്യാസിയോടയിൽ നിന്ന് 18 കിലോമീറ്റർ സഞ്ചരിച്ച് തമിഴ്നാട് വനമേഖലയിൽ കടന്ന ആന തിങ്കളാഴ്ച വൈകുന്നേരത്തോടെ പെരിയാറിലേക്ക് തിരികെ വരുന്നതായാണ് ഈ സിഗ്നലിന്റെ അർഥം.

സഞ്ചാരത്തിന്റെ ദൂരം കണക്കിലെടുത്താൽ അരിക്കൊമ്പൻ ആരോഗ്യവാനാണ് എന്നും നിരീക്ഷണ സംഘം വിലയിരുത്തുന്നു. ഇതേസമയം അരിക്കൊമ്പന്റെ നീക്കങ്ങൾ നിരീക്ഷിക്കാൻ തമിഴ്നാട് വനംവകുപ്പ് ഉദ്യോഗസ്ഥർക്കും നിർദേശം ലഭിച്ചിട്ടുണ്ട്.

## കേരള നിയമസഭ ലൈബ്രറി ശതാബ്ദി; മദ്ധ്യമേഖലാ ജില്ലകൾ കേന്ദ്രീകരിച്ചുള്ള പരിപാടി നടന്നു

**തൃശ്ശൂർ:** കേരള നിയമസഭ ലൈബ്രറിയുടെ ശതാബ്ദിയോടനുബന്ധിച്ച് മദ്ധ്യ മേഖലാ ജില്ലകൾ കേന്ദ്രീകരിച്ചുള്ള പരിപാടി തൃശ്ശൂർ സംഗീത നാടക അക്കാദമിയിലെ റീജിയണൽ തിയേറ്ററിൽ വെച്ച് നടന്നു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു.

നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതെന്നും തൃശ്ശൂരിന്റെ സാംസ്കാരിക രാഷ്ട്രീയ പ്രാധാന്യത്തോട് ചേർന്നു നിൽക്കുന്ന വിധം സവിശേഷമായ രീതിയിലാണ് ഈ പരിപാടി സംഘടിപ്പിച്ചിരിക്കുന്നതെന്നും ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. സാംസ്കാരിക തലസ്ഥാനമായ തൃശൂരിന്റെ സവിശേഷതകളിലൊന്ന് ഭാഷയാണെന്നും ഭാഷാപഠനത്തെക്കുറിച്ചും മാതൃഭാഷാ പ്രോത്സാഹനത്തെ കുറിച്ചും ചർച്ചകൾ അവസാനിച്ചിട്ടില്ല. കുട്ടിക്ക് ഏറ്റവും നന്നായി മനസ്സിലാകുന്നത് ഏതു ഭാഷയിൽ പഠിപ്പിച്ചാലാണോ, ആ ഭാഷയിൽ വേണം കുട്ടിയെ പഠിപ്പിക്കാൻ. ഏതു ലളിത വിഷയം പഠിക്കുമ്പോഴും തനിക്കും വിഷയത്തിനും ഇടയ്ക്ക് വിഷയത്തിൽ നിന്ന് ഭിന്നമായി ഭാഷ എന്നൊരു തിരശ്ശീല വീണു കിടപ്പുണ്ടെന്ന് കുട്ടിക്ക്



തോന്നരുതെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.

സഭാ രേഖകൾ, ചരിത്ര രേഖകൾ, പൊതുവിജ്ഞാനം, സർഗ്ഗാത്മക രചനകൾ, വിവിധ വിഷയങ്ങളിലെ ആധികാരിക ഗ്രന്ഥങ്ങൾ എന്നിങ്ങനെ വിപുലമായ ശേഖരമാണ് ലൈബ്രറിയുടേത്. അറിവുള്ള സാമാജികരാണ് അർത്ഥവത്തായ ഒരു സഭയെയും ജനാധിപത്യ സംവിധാനത്തെയും രൂപപ്പെടുത്തുന്നത്. അത്തരം സാമാജികരെ രൂപപ്പെടുത്തുന്നതിൽ നമ്മുടെ ലൈബ്രറിയുടെ ഒരു നൂറ്റാണ്ടിന്റെ പ്രവർത്തനം സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.

വിവരസാങ്കേതികവിദ്യ ലോകത്തിന്റെ സാങ്കേതിക വിദ്യയായി മാറിയ കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഇന്റർനെറ്റ് നിത്യജീവിതത്തിന്റെ ഭാഗമായ അതിൽ ജീവിക്കുന്ന ഒരു തലമുറയ്ക്കുവേണ്ടിയാണ് നമ്മൾ സംവിധാനങ്ങൾ ഒരുക്കേണ്ടത്. അത്തരത്തിൽ ഇ നിയമസഭാ പദ്ധതി രൂപപ്പെടുത്തി വരുന്നത് സഭയെ കൂടുതൽ ഫലപ്രദമായി സമൂഹത്തിലേക്കും സമൂഹത്തെ കൂടുതൽ ഫലപ്രദമായി ജനാധിപത്യ സ്ഥാപനങ്ങളിലേക്കും സംവിധാനങ്ങളിലേക്കും എത്തിക്കാൻ കഴിയണമെന്നും ഡെപ്യൂട്ടി സ്പീക്കർ കൂട്ടിച്ചേർത്തു.

ചടങ്ങിൽ ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ തോമസ് എംഎൽഎ അധ്യക്ഷനായി. ലൈബ്രറി ഉപദേശക സമിതി അംഗങ്ങളായ പി ബാലചന്ദ്രൻ എംഎൽഎ, സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ , സി സി മുകുന്ദൻ, ഡെപ്യൂട്ടി മേയർ എം എൽ റോസി, എന്നിവർ ചടങ്ങിൽ സംസാരിച്ചു.

## പുനർഗേഹം: 644 ഫ്ളാറ്റുകൾ കൂടി ഒരുങ്ങുന്നു, പുതുതായി 540 എണ്ണത്തിന് കൂടി അനുമതി

**തിരുവനന്തപുരം:** ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പണിപൂർത്തിയായി വരുന്നത് 644 ഫ്ളാറ്റുകൾ. തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം ജില്ലകളിലാണ് ഫ്ളാറ്റുകൾ ഒരുങ്ങുന്നത്. തിരുവനന്തപുരം മുട്ടത്തറയിലെ ഭവന സമുച്ചയത്തിൽ 400 ഫ്ളാറ്റുകളുടെയും ആലപ്പുഴ മണ്ണുംപുറത്തെ ഭവന സമുച്ചയത്തിൽ 228 ഫ്ളാറ്റുകളുടെയും മലപ്പുറം നിറമരുതൂരിലെ ഭവന സമുച്ചയത്തിൽ 16 ഫ്ളാറ്റുകളുടെയും നിർമ്മാണമാണ് പുരോഗമിക്കുന്നത്. ഇതിന് പുറമെ, 540 ഫ്ളാറ്റുകൾ കൂടി നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം വലിയതുറയിൽ 192, തിരുവനന്തപുരം കാരോട് 24, മലപ്പുറം പൊന്നാനി 100, കോഴിക്കോട് വെസ്റ്റ്ഹിൽ 80 , കാസർഗോഡ് കോയിപ്പാടി 144 എന്നിങ്ങനെ ഫ്ളാറ്റുകൾ നിർമ്മിക്കാനാണ് അനുമതി ലഭിച്ചത്.



തീരദേശ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2018 ൽ ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് പുനർഗേഹം. ഇതുവരെ പുനർഗേഹം പദ്ധതി പ്രകാരം 1968 കുടുംബങ്ങളെ വ്യക്തിഗത ഭവനങ്ങളിലേക്കും (തിരുവനന്തപുരം523, കൊല്ലം290, ആലപ്പുഴ459, എറണാകുളം53, തൃശ്ശൂർ266, മലപ്പുറം163, കോഴിക്കോട്88, കണ്ണൂർ85, കാസർഗോഡ്41) 390 കുടുംബങ്ങളെ ഫ്ളാറ്റുകളിലേക്കും (തിരുവനന്തപുരം കാരോട്128, തിരുവനന്തപുരം ബീമാപ്പള്ളി20, കൊല്ലം ക്യു.എസ്.എസ് കോളനി114, മലപ്പുറം പൊന്നാനി128) പുനരധിവസിപ്പിച്ചു.

ഇതുകൂടാതെ തിരുവനന്തപുരം വേളിയിൽ 168 ഫ്ളാറ്റുകൾ നിർമ്മിക്കാൻ ഭൂമിയും അനുവദിച്ചിട്ടുണ്ട്.

## പൗർണ്ണമി പൊങ്കാല മഹോൽസവം

# പാവക്കുളത്ത് ശ്രീമദ് പൂർണ്ണാമൃതാനന്ദ സ്വാമിയുടെ അനുഗ്രഹ പ്രഭാഷണവും ഭക്തിഗാനാമൃതവും ഇന്ന്

**കൊച്ചി:** എറണാകുളം പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാല മഹോൽസവത്തിനോടനുബന്ധിച്ച് മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി ശ്രീമദ് പൂർണ്ണാമൃതാനന്ദ സ്വാമിയുടെ അനുഗ്രഹ പ്രഭാഷണവും ഭക്തിഗാനാമൃതവും ഇന്ന് (03.05.23) വൈകിട്ട് ഏഴിന് നടക്കും. ഉൽസവത്തോടനുബന്ധിച്ച് ഇന്ന് രാവിലെ 10 ന് ശ്രീമഹാദേവന് 1001 കുടം ധാരയും തുടർന്ന് 11.30 ന് മുൻ ഡിജിപി അലക്സാണ്ടർ ജേക്കബ്ബിന്റെ പ്രഭാഷണവും ഉച്ചയ്ക്ക് ഒരു മണിക്ക് അന്നദാനവും ഉണ്ടാകും. ഏഴാം ദിവസമായ നാളെ (04.05.23) രാവിലെ ഒമ്പതിന് ദേവിക്കും മഹാദേവനും പൂമൂടൽ, 9.30 ന് ശ്രീമഹാദേവന് രുദ്രാഭിഷേകം, 11 ന് സമൂഹ വിവാഹം,11.30 ന് ശരത് എ. ഹരിദാസിന്റെ പ്രഭാഷണം എന്നിവയും വൈകിട്ട് തിരുവാഭരണ ഘോഷയാത്രയും മഹാദീപാരധനയും നടക്കും. വൈകിട്ട് ഏഴിന് എറണാകുളം ധരണി സ്കൂൾ ഓഫ് പെർഫോമിങ്ങ് ആർട്സിന്റെ ഭജൻ സന്ധ്യയും എട്ടിന് ഏലൂർ ബിജുവിന്റെ സോപാന സംഗീതവും അരങ്ങേറും

# ദി കേരള സ്റ്റോറി: ഹാലിളക്കത്തിന് പിന്നിൽ രാഷ്ട്രീയ ഇരട്ടാത്താപ്പ്: നാഷണൽ പ്രോഗ്രസീവ് പാർട്ടി

**കൊച്ചി** :ക്രൈസ്തവ സന്യാസത്തെ അവഹേളിക്കുന്ന കക്കുകളിഎന്ന നാടകത്തെയും ഹൈന്ദവ ഭക്ത സ്ത്രീകളെ അപമാനിക്കുന്ന മീശ എന്ന നോവലിനെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേര് പറഞ്ഞ് പിന്തുണച്ച ചില രാഷ്ട്രീയ പാർട്ടികൾ, ദി കേരള സ്റ്റോറി എന്ന സിനിമയുടെ ട്രെയ്ലർ പുറത്തുവന്നപ്പോഴക്കും ഹാലിളകുന്നത് രാഷ്ട്രീയ ഇരട്ടത്താപ്പും ആത്മ വഞ്ചനയും ആണെന്ന് നാഷണൽ പ്രോഗ്രസീവ് പാർട്ടി സംസ്ഥാന ചെയർമാൻ വി വി അഗസ്റ്റിനും വർക്കിംഗ് ചെയർമാൻ ജോണി നെല്ലൂരും സംയുക്ത വാർത്താക്കുറിപ്പിൽ അറിയിച്ചു.

കക്കുകളിയും മീശയും നിരോധിച്ചതിനു ശേഷം മാത്രമേ ഇക്കൂട്ടർക്ക് ദി കേരള സ്റ്റോറിയെ കുറിച്ച് അഭിപ്രായം പറയാൻ അവകാശമുള്ളൂ. ഏതെങ്കിലും മത വിഭാഗങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന കലാസൃഷ്ടികളോട് നാഷണൽ പ്രോഗ്രസീവ് പാർട്ടിക്ക് യോജിപ്പില്ല. മത വികാരങ്ങളെ വ്രണപ്പെടുത്തുകയും മതവിദ്വേഷം ഉണർത്തുകയും വ്യക്തിഹത്യ നടത്തുകയും ചെയ്യുന്ന ഏതൊരു കലാസൃഷ്ടിയെയും നാഷണൽ പ്രോഗ്രസീവ് പാർട്ടി ഒരിക്കലും പ്രോത്സാഹിപ്പിക്കുന്നില്ലെന്നും നേതാക്കൾ പറഞ്ഞു.

ക്രൈസ്തവ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ നിയുക്തമായ ജെ ബി കോശി കമ്മീഷന്റെ റിപ്പോർട്ട് പുറത്തുവിടാൻ സർക്കാർ തയ്യാറാകണമെന്നും ഇവർ ആവശ്യപ്പെട്ടു.

നാഷണൽ പ്രോഗ്രസീവ് പാർട്ടിയുടെ ജില്ലാ കമ്മിറ്റികൾ മെയ് 31ന് മുൻപ് രൂപീകരിക്കുമെന്നും നേതാക്കൾ വ്യക്തമാക്കി.

# ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ സൗജന്യ ക്യാമ്പ് നാളെ മുതൽ

**കൊച്ചി :** എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിയിൽ കോളോ റെക്റ്റൽ ക്യാൻസർ ആന്റ് പൈൽസ് സൗജന്യ സ്ക്രീനിങ് ക്യാമ്പ് സംഘടിപ്പിക്കുന്നു. മെയ് നാല്, അഞ്ച്, ആറ് (വ്യാഴം, വെള്ളി, ശനി) തീയതികളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെയാണ് ക്യാമ്പ്. ക്യാമ്പിന്റെ ഉദ്ഘാടനം നാളെ (04.05.2023) വൈകുന്നേരം 4 മണിക്ക് ടി.ജെ വിനോദ് എം.എൽ.എ നിർവ്വഹിക്കും. കൺസൽട്ടേഷൻ, രക്തപരിശോധനകൾ, ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് കൊളനോസ്കോപ്പി എന്നിവ സൗജന്യമാണ്. ക്യാമ്പിൽ നടക്കുന്ന പരിശോധനയിൽ രോഗം സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ നിരക്കിൽ ചികിത്സ ലഭ്യമാക്കുമെന്ന് സെക്രട്ടറി അജയ് തറയിൽ അറിയിച്ചു. ബുക്കിംഗിനും കൂടുതൽ വിവരങ്ങൾക്കും 80863 32228 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ദുരന്ത നിവാരണ മേഖലയിൽ കേരളം നടത്തുന്നത് സമഗ്ര ഇടപെടലുകൾ: മുഖ്യമന്ത്രി

**തിരുവനന്തപുരം:**ദുരന്തങ്ങളെ നേരിടാനും അവയുടെ ആഘാതങ്ങൾ കുറയ്ക്കാനുമായി സമഗ്ര ഇടപെടലുകളാണു സംസ്ഥാനം നടത്തുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കാലാവസ്ഥാ വ്യതിയാനത്തെയും അതുണ്ടാക്കുന്ന പ്രതിസന്ധികളേയും നേരിടാൻ കേരള സമൂഹം ഒറ്റക്കെട്ടായി നിലകൊള്ളുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ തീരവാസികൾക്കു താത്കാലിക താമസസൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം മുട്ടത്തറയിലും ആലപ്പുഴ കുമാരപുരത്തും നിർമിച്ച സൈക്ലോൺ ഷെൽട്ടറുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രളയമടക്കമുള്ള പ്രകൃതിദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയെയെല്ലാം ഒരുമയോടെ അതിജീവിക്കാൻ കരുത്തുള്ളവരാണു മലയാളികളെന്നു മുഖ്യമന്ത്രി പറഞ്ഞു. ഒറ്റക്കെട്ടായി പൊരുതുകയെന്നതാണു കാലാവസ്ഥാ വ്യതിയാനം മൂലം ലോകമാകെയുണ്ടാകുന്ന പ്രതിസന്ധിയെ നേരിടുന്നതിൽ പ്രധാനം. കാലാവസ്ഥാ വ്യതിയാനത്തെ എങ്ങനെ നേരിടാമെന്നതിനെക്കുറിച്ച് ആലോചിക്കാൻ ലോകമെമ്പാടും ചേരുന്ന ഉച്ചകോടികളിൽ ഇത്തരമൊരു ഐക്യം രൂപപ്പെടുന്നില്ല. അതിവികസിത രാജ്യങ്ങളെന്നു കരുതുന്ന രാഷ്ട്രങ്ങളിൽ ചിലത് സ്വന്തം താത്പര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇടപെടലിനാണു പ്രാധാന്യം നൽകുന്നത്.

# സഹകരണ സംഘം പുനരുദ്ധാരണ നിധി: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് (മെയ് 3) വൈകീട്ട് മൂന്നിന് ജവഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. സഹകരണ മന്ത്രി വി. എൻ. വാസവൻ അധ്യക്ഷത വഹിക്കും.

സഹകരണ സംഘങ്ങളുടെ ലാഭവിഹിതത്തിൽ നിന്ന് റിസർവ് ഫണ്ട്, അഗ്രികൾച്ചർ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് എന്നിവയിലേക്ക് മാറ്റുന്ന തുകയിൽ നിന്ന് നിശ്ചിത വ്യവസ്ഥകളോടെ വായ്പയായി സ്വീകരിക്കുന്ന തുക, സർക്കാർ ധനസഹായം, മറ്റു ഏജൻസികളിൽ നിന്ന് സമാഹരിക്കുന്ന തുക എന്നിവയിൽ നിന്നാണ് പദ്ധതിയിലേക്ക് ഫണ്ട് കണ്ടെത്തുന്നത്.

സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സമൂഹത്തിന് ഗുണകരമാകുന്ന വിധത്തിൽ വിനിയോഗിക്കുക, സഹകരണ മേഖലയിലെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സഹായിക്കുക, ദുർബല സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടാണ് കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാരായ വി. ശിവൻകുട്ടി, ജി. ആർ. അനിൽ, മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, എന്നിവർ പങ്കെടുക്കും.



# കാർഷികവൃത്തിക്ക് യന്ത്രവൽകൃത സേന: മന്ത്രി പി. പ്രസാദ്

**അടൂർ:** കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാര മാർഗം യന്ത്രവൽകൃത സേനയെന്ന് മന്ത്രി പി. പ്രസാദ് പറഞ്ഞു. കേരള കാർഷികവികസന കർഷകക്ഷേമ വകുപ്പ് പറക്കോട് ബ്ലോക്കിനും അടൂർ മുനിസിപ്പാലിറ്റിക്കുമായി അനുവദിച്ച കൃഷിശ്രീ സെൻററിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ജില്ലയിലെ ആദ്യത്തെ കൃഷിശ്രീ സെൻററാണ് കടമ്പനാട് ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി ആരംഭിച്ചിരിക്കുന്നത്. കാർഷിക ഇടങ്ങളിൽ കാണുന്ന ചെല്ലി പോലെയുള്ള ജീവികളുടെ ശല്യം,

കാർഷിക ജോലികളിലെ തൊഴിലാളി ക്ഷാമം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമാണ് യന്ത്രവത്കൃത സേനയെന്ന് മന്ത്രി പറഞ്ഞു. യന്ത്രസഹായത്തോടെയുള്ള ജോലികൾ കർഷകനും തൊഴിലാളിക്കും ഒരേ പോലെ ലാഭം നേടാൻ സഹായിക്കും. യന്ത്രങ്ങളുടെ സഹായത്തോടെയുള്ള തൊഴിൽ സേന ഉണ്ടെങ്കിൽ മാത്രമേ കൃഷിചെയ്യാൻ ആളുകളെ കിട്ടുന്നില്ലെന്ന പരാതി പരിഹരിക്കാനും കർഷകർക്ക് കൂടുതൽ പണം മുടക്കാതെ തൊഴിലാളികളെ ലഭ്യമാക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം കിട്ടുന്നതിനും സഹായകരമാകുകയുള്ളൂ.

ഈ മേഖലയിൽ തൊഴിൽ ചെയ്യാൻ പരിശീലനം സിദ്ധിച്ച ഒരു തൊഴിൽ സേന വളരെ അത്യാവശ്യമാണ്. പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് യന്ത്രങ്ങളും ലഭ്യമാകണം. കൃഷിശ്രീ എന്നതു കൊണ്ട് ലക്ഷ്യമിടുന്നത് ഇത്തരത്തിൽ കർഷകർക്ക് സഹായം ലഭ്യമാക്കുകയെന്നതാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി 22000 ന് മുകളിൽ കൃഷികൂട്ടങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. 16 നു മുഖ്യമന്ത്രി പിണറായി വിജയൻ മലപ്പുറത്ത് കൃഷി കൂട്ടങ്ങളുടെ ഔപചാരിക ഉദ്ഘാടനം നടത്തുമെന്നും മന്ത്രി പറഞ്ഞു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു.

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ആർ. തുളസീധരൻ പിള്ള, അടൂർ നഗസഭാ ചെയർപേഴ്സൺ ദിവ്യ റെജി മുഹമ്മദ്, കടമ്പനാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പ്രിയങ്ക പ്രതാപ്, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് സുശീല കുഞ്ഞമ്മകുറുപ്പ് തുടങ്ങിയവർ പ്രസംഗിച്ചു.

# അങ്കണവാടികൾ മെച്ചപ്പെടുത്തുന്നതിന് ശില്പശാല

**തൃശൂർ:** അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്നതിനുമായി ജില്ലാതല ശില്പശാല സംഘടിപ്പിക്കും. രക്ഷിതാക്കൾക്കും അങ്കണവാടി പ്രവർത്തകർക്കുമായി ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യാനും ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ തീരുമാനമായി.

ജില്ലയിലെ അങ്കണവാടികളുടെ അക്കാദമിക് നിലവാരം ഉയർത്തൽ, ശുചിപൂർണ ജില്ലാ മിഷൻ, എൻറെ കേരളം ഒരുക്കങ്ങൾ എന്നിവ സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ ചർച്ച ചെയ്തു.

ശുചിപൂർണ ജില്ലാ മിഷന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 29 പഞ്ചായത്തുകളിൽ മെയ് 4, 5, 6, 8 തീയതികളിലായി യോഗം ചേരും. എൻറെ കേരളം മെഗാ പ്രദർശന വിപണന മേളയുടെ ഒരുക്കങ്ങൾ സംബന്ധിച്ചും യോഗം വിലയിരുനടത്തി.

ആസൂത്രണ സമിതി യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി കെ ഡേവിസ് മാസ്റ്റർ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ലതാ ചന്ദ്രൻ, ആസൂത്രണ സമിതി അംഗം അനൂപ് കിഷോർ, ജില്ലാ പ്ലാനിംഗ് ഓഫീസർ എൻ കെ ശ്രീലത, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



## മൂന്നാർ പുഷ്പമേള: ആദ്യദിനംകണ്ടത് 4848 പേർ

**മൂന്നാർ:** ആദ്യദിനമായ തിങ്കളാഴ്ച 4848 പേർ പുഷ്പമേള സന്ദർശിച്ചു.
മൂന്നാർ പുഷ്പമേള എ.രാജ പുഷ്പമേള ഉദ്ഘാടനം ചെയ്തു. ദേവികുളം റോഡിലെ ബോട്ടാണിക്കൽ ഗാർഡനിലാണ് പുഷ്പമേള. വിദേശ രാജ്യങ്ങളിൽ നിന്നും മൂന്നാറിൽ നിന്നുമുള്ള ആയിരത്തി അഞ്ഞൂറിലധികം ചെടികളും പൂക്കളുമാണ് മേളയ്ക്കായി ഒരുക്കിയിരിക്കുന്നത്. ദിവസവും വിവിധ സ്റ്റേജ് ഷോകൾ, മ്യൂസിക്കൽ ഫൗണ്ടൻ, സെൽഫി പോയിന്റ്, ഭക്ഷണശാലകൾ, വിവിധ വിൽപന സ്റ്റാളുകൾ എന്നിവയും മേളയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. ഉദ്ഘാടന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആനന്ദ റാണി ദാസ്, പഞ്ചായത്ത് പ്രസിഡന്റ് പ്രവീണ രവികുമാർ ജിതീഷ് ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

## ട്രൈബ്യൂണൽ സിറ്റിങ്

**കൊല്ലം:** ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ മെയ് 27ന് പീരുമേട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ കേസുകൾ വിചാരണ നടത്തും. മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്ത് തൊഴിൽ തർക്ക കേസുകളും, എംപ്ലോയീസ് ഇൻഷുറൻസ് കേസുകളും, എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ ചെയ്യും.



# ബ്രഹ്മപുരം

# തീ കെടുത്താൻ 1,14,00,000 രൂപ

**കാക്കനാട്:** ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലുണ്ടായ വൻ അഗ്നിബാധ അണയ്ക്കാനും അനുബന്ധ കാര്യങ്ങൾക്കുമായി 1,14,00,000 രൂപ ചെലവായതായി ജില്ലാ ഭരണകൂടം. കൊച്ചി കോർപറേഷൻ മാത്രം 90 ലക്ഷത്തോളം രൂപ ചെലവഴിച്ചു.
മണ്ണുമാന്തി യന്ത്രങ്ങളുടെയും ഫ്ലോട്ടിങ് മെഷീനുകളുടെയും മോട്ടർ പമ്പ് സെറ്റുകളുടെയും ഇന്ധന ചെലവിനത്തിലും ഇവയുടെ ഓപ്പറേറ്റർമാർക്കുള്ള കൂലിയിനത്തിലും യാത്രയ്ക്കും കോർപറേഷനാണ് പണം ചെലവഴിച്ചത്.

പ്ലാന്റിന്റെ പരിസരത്ത് രക്ഷാപ്രവർത്തകർക്കായി താൽക്കാലിക വിശ്രമ കേന്ദ്രങ്ങൾ, ശുചിമുറികൾ, ഭക്ഷണം, വെളിച്ചം തുടങ്ങിയവയും കോർപറേഷന്റെ വകയായിരുന്നു. തീപിടിത്ത സ്ഥലത്തു പ്രവർത്തിച്ച അഗ്നിരക്ഷാ സേനാംഗങ്ങൾക്കും സിവിൽ വൊളന്റിയേഴ്സിനുമായി കാക്കനാട്ട് നടത്തിയ മെഡിക്കൽ ക്യാംപിന് വേണ്ടി 11 ലക്ഷം രൂപ ജില്ലാ കുടുംബാരോഗ്യ വെൽഫെയർ സൊസൈറ്റി ചെലവഴിച്ചു.

ജില്ലാ മെഡിക്കൽ ഓഫിസറുടെ നേതൃത്വത്തിൽ 13 ലക്ഷം രൂപ ചെലവഴിച്ചതിന്റെ കണക്കും കലക്ടർക്ക് ലഭിച്ചിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ കൈവശം പണമില്ലാത്തതിനാൽ തുക ആവശ്യപ്പെട്ടു സർക്കാരിനു കത്തു നൽകിയിട്ടുണ്ടെന്ന് വിവരാവകാശ പ്രവർത്തകനായ രാജു വാഴക്കാലയെ ദുരന്ത നിവാരണ വിഭാഗം ഡപ്യൂട്ടി കലക്ടർ അറിയിച്ചു.

## സൗജന്യ കശുമാവ് ഗ്രാഫ്റ്റുകൾ

**കൊല്ലം:** കർഷകർക്കും മറ്റ് സ്ഥാപനങ്ങൾക്കും അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി ലഭ്യമാക്കാൻ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി) ഓൺലൈൻ വഴി രജിസ്ട്രേഷൻ ആരംഭിച്ചു. www.kasumavukrishi.org മുഖേനയും, അപേക്ഷ ഫോം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തും ബന്ധപ്പെട്ട ജില്ലാ ഫീൽഡ് ഓഫീസറിൽ നിന്ന് അപേക്ഷ നേരിട്ട് സ്വീകരിച്ച് പൂരിപ്പിച്ചും അയയ്ക്കാം. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 31 വരെ സ്വീകരിക്കും. അയയ്ക്കേണ്ട വിലാസം: ചെയർമാൻ, കെ.എസ്.എ.സി.സി, അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം691 001. ഫോൺ 0474 2760456.

## യൂത്ത് പാർലമെന്റിലേക്കു വിദ്യാർഥികളെ ക്ഷണിച്ചു

**തിരുവനന്തപുരം:** കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയം ജൂൺ 5 നു ദില്ലിയിൽ വച്ചു നടത്തുന്ന യൂത്ത് പാർലമെന്റിലേക്കു വിദ്യാർഥി പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു.

1825 പ്രായമുള്ള സംസ്ഥാനത്തെ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലോ, സംസ്ഥാനത്തെ സർവകലാശാലകളിലെ പഠന വകുപ്പുകളിലോ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നാണ് തെരഞ്ഞെടുപ്പ് നടത്തുക. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പ്രവർത്തിക്കുന്ന EIACP സെന്റർ ആണ് വിദ്യാർഥികളെ തെരഞ്ഞെടുക്കാനുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

വിദ്യാർഥികൾ http://surl.li/gth-en എന്ന ഗൂഗിൾ ഫോം മുഖേന അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 8, വൈകീട്ട് 5 മണി വരെ. മെയ് 10നു വിദ്യാർഥികളെ തെരഞ്ഞെടുക്കാനുള്ള ഓൺലൈൻ സംവാദം കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയം നിർദ്ദേശിക്കുന്ന വിഷയത്തിന്മേൽ സംഘടിപ്പിക്കും. കൂടുതൽ വിവരങ്ങൾ www.kerenvis.nic.in വെബ്സൈറ്റിലും 0471 2548210 നമ്പറിലും ലഭിക്കും.

## വൈദ്യുതി നിരക്ക് കൂട്ടൽ: പൊതുതെളിവെടുപ്പ് നടത്തും

സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി നിരക്ക് പരിഷ്ക്കരിക്കുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി ബോർഡ് മുമ്പാകെ സമർപ്പിച്ച അപേക്ഷയിലുള്ള പൊതുതെളിവെടുപ്പ് തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, എറണാകുളം ജില്ലകളിൽ നടക്കും. കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ മെയ് എട്ടിനും പാലക്കാട് ജില്ലാ പായത്ത് ഹാളിൽ 9നും കൊച്ചിൻ മുനിസിപ്പൽ കോർപറേഷൻ നോർത്ത് ടൗൺ ഹാളിൽ 10നും തിരുവനന്തപുരം വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഹാളിൽ 15നും രാവിലെ 11 മണിക്കാണ് തെളിവെടുപ്പ്. പെറ്റീഷൻ www.erckerala.orgൽ പരിശോധിക്കാം. പൊതുജനങ്ങൾക്കും വിഷയത്തിൽ താത്പര്യമുള്ളവർക്കും പങ്കെടുക്കുകയും നേരിട്ട് അഭിപ്രായങ്ങൾ സമർപ്പിക്കുകയും ചെയ്യാം. തപാലിലും kserc@erckerala.orgയിലും അഭിപ്രായങ്ങൾ അറിയിക്കാം.

## പി ഡബ്യൂ ഡി റോഡുകൾ മികച്ച നിലവാരത്തിലേക്ക് ഉയർത്തുമെന്ന് മുഹമ്മദ് റിയാസ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ പി ഡബ്യൂ ഡി റോഡുകൾ മികച്ച നിലവാരത്തിലേക്കുയർത്തുമെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്. നവീകരിച്ച നാദാപുരംപുളിക്കൂൽ കുമ്മങ്കോട് റോഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കഴിഞ്ഞ രണ്ടുവർഷത്തിനിടെ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ റോഡുകളാണ് സംസ്ഥാനത്ത് ബി.എം ആന്റ് ബി.സി നിലവാരത്തിലേക്ക് ഉയർത്താൻ സാധിച്ചത്. അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പകുതി റോഡുകളും ബി.എം ആന്റ് ബി.സി ഗുണനിലവാരത്തിലേക്ക് ഉയരുമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഇ.കെ വിജയൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. കെ മുരളീധരൻ എം.പി വിശിഷ്ടാതിഥിയായിരുന്നു.

പൊതുമരാമത്ത് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇ.ജി വിശ്വപ്രകാശ് റിപ്പോർട്ട് അവതരിപ്പിച്ചു. നാദാപുരം മുതൽ കുമ്മങ്കോട് വരെ 2.22 കോടി ചെലവിലാണ് റോഡ് നവീകരണം പൂർത്തീകരിച്ചത്.

## തൊഴിലുറപ്പിൽ ഇനി ആവർത്തന പ്രവൃത്തി പാടില്ല; കാഞ്ഞിരപ്പുഴ കനാലിൽ കാടുകയറുന്നു

**കല്ലടിക്കോട്:** കാടുകയറി നശിക്കുന്ന കാഞ്ഞിര പുഴ കനാലിൻറെ അറ്റകുറ്റപണികൾ നടത്താൻ കഴിയാതെ വിഷമിക്കുകയാണ് പ്രദേശ വാസികൾ. കല്ലടിക്കോട് മേഖലയിലാന് ഏറ്റവും കൂടുതൽ ഭാഗത്ത് ചെടികളും വള്ളിപടർപ്പുകളും വളർന്ന് നിൽക്കുന്നത്. സാധാരണ തൊഴിലുറപ്പ് തൊഴിലാളികളാണ് കനാലിലെ കാടുകൾ വർഷം തോറും വെട്ടിമാറ്റിയിരുന്നത്.

തൊഴിലുറപ്പ് പദ്ധതിയിൽ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ വർഷംതോറും ഏറ്റെടുക്കരുതെന്നാണ് ഉത്തരവ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളാ മിഷൻ ഡയറക്ടർ ജൂൺ 10 നാണ് ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്. വർഷങ്ങളായി രണ്ടാംവിള ജലസേചനത്തിനുള്ള ശാഖാ കനാലുകളിലേയും കാഡ കനാലു



കളിലേയും ചെളിയും ചെടികളും മറ്റു തടസങ്ങളും നീക്കി വൃത്തിയാക്കിയിരുന്നത് തൊഴിലുറപ്പ് പദ്ധതിയിലാണ്. മിഷൻ ഡയറക്ടറുടെ ഉത്തരവ് ഇതിന് തടസമാകും.

ജില്ലാ ആസൂത്രണ സമിതിയിലും ജലസേചന കനാൽ നിർവഹണ സമിതികളിലും പാടശേഖര സമിതികളിലും തൊഴിലുറപ്പ് പദ്ധതിയിൽ കനാൽ നവീകരണം വേണമെന്ന ആവശ്യം ഉയർന്നിരുന്നു.

ഇതിൻറെ അടിസ്ഥാനത്തിൽ കളക്ടറും തൊഴിലുറപ്പ് പദ്ധതി ജില്ലാ പ്രോഗ്രാം ഓഫീസറും മിഷൻ ഡയറക്ടർക്ക് കത്ത് നല്കിയിരുന്നു. ഇതിനുള്ള മറുപടി എന്ന നിലയിലാണ് ഇക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ടുള്ള മിഷൻ ഡയറക്ടറുടെ ഉത്തരവ്.

# കൈഗറിന്റെ മെച്ചപ്പെടുത്തിയ ശ്രേണിയുമായി റെനോ ഇന്ത്യ




**ന്യൂഡൽഹി:** യൂറോപ്യൻ ബ്രാൻഡായ റെനോ കൈഗർ ആർ എക്സ് പി (ഒ) എം ടി വേരിയന്റ് കൂടുതൽ പുതുമകളോടെ പുറത്തിറക്കുന്നു.വയർലസ് കണക്റ്റിവിറ്റിയോടു കൂടിയ 8 ഇഞ്ച് ടച്ച്സ്ക്രീൻ, എൽ ഇ ഡി ഹെഡ് ലാമ്പുകൾ, അലോയ് വീലുകൾ, ഹയർ സെന്റർ കൺസോൾ എന്നിങ്ങനെയുള്ള പ്രമുഖ ഫീച്ചറുകൾ ഈ വേരിയന്റിൽ ഉൾപ്പെടുന്നുവെന്ന് റെനോ ഇന്ത്യ ഓപ്പറേഷൻസിന്റെ കൺട്രി സിഇഒയും മാനേജിങ്ങ് ഡയറക്ടറുമായ വെങ്കിട്ട് റാം മാമില്ലപല്ലെ പറയുന്നു, ഡ്രൈവിങ്ങ് അനുഭവം മൊത്തത്തിൽ മെച്ചപ്പെടുത്തുന്ന മറ്റ് നിരവധി ഫീച്ചറുകളും ഇതോടൊപ്പം വാഗ്ദാനം ചെയ്യുന്നുണ്ട്. മാത്രമല്ല, ആർ എക്സ് സെഡ് വേർഷന് എക്കാലത്തേയും മികച്ച നിരവധി ഓഫറുകളും കമ്പനി നൽകുന്നു. 10,000 രൂപ വരെ ആനുകൂല്യങ്ങൾ, 20,000 രൂപ എക്സ്ചേഞ്ച് ആനുകൂല്യം, 12,000 രൂപ വരെ കോർപ്പറേറ്റ് ആനുകൂല്യങ്ങൾ, 49,000 രൂപ വരെ ലോയൽറ്റി ആനുകൂല്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നുവെന്നും വെങ്കിട്ട് റാം മാമില്ലപല്ലെ പറയുന്നു, ഉപഭോക്താക്കളുടെ മാറി കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ലോകോത്തര നിലവാരമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുക എന്നുള്ള കാര്യത്തിൽ റെനോ ഇന്ത്യ ഇപ്പോഴും പ്രതിജ്ഞാബദ്ധമാണ്. റെനോ കൈഗർ മോഡലുകളുടെ പുതുക്കിയ ശ്രേണി പുറത്തിറക്കുന്നതിലൂടെ തങ്ങളുടെ ഉപഭോക്താക്കൾക്ക് സ്റ്റൈൽ, പ്രകടനം, സുരക്ഷ എന്നിവയുടെ എല്ലാം തികഞ്ഞ ഒരു സംയുക്തം നൽകുന്നതിൽ ആവേശഭരിതരാണ്. ഹ്യൂമൻ ഫസ്റ്റ് പ്രോഗ്രാം എന്ന തങ്ങളുടെ ആഗോള തലത്തിലുള്ള ലക്ഷ്യത്തിന്റെ ഭാഗമായി അടുത്ത തലമുറ സാങ്കേതികവിദ്യ ജനാധിപത്യവൽക്കരിച്ചു കൊണ്ട് ഞങ്ങളുടെ ഉൽപ്പന്നങ്ങളുടെ റീച്ച് വിശാലമാക്കുവാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അതിനാൽ തന്നെ കൈഗറിന്റെ വില നിലവാരം തീർത്തും മത്സര സ്വഭാവമുള്ളതാണെന്ന് ഉറപ്പാക്കിയിരിക്കുന്നു. അതേസമയം തന്നെ സുരക്ഷിതത്വം, നിലവാരം, സവിശേഷതകൾ എന്നിങ്ങനെയുള്ള മൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി എല്ലാ ശ്രമങ്ങളും നടത്തിയിട്ടുമുണ്ട്. ഇതിനു പുറമേയാണ് തങ്ങൾ ആകർഷകമായ നിരവധി വാഗ്ദാനങ്ങളും ഫൈനാൻസ് ഓപഷനുകളും ഉൾപ്പെടുത്തിയിട്ടുള്ളത്. തങ്ങളുടെ ഉപഭോക്താക്കളുടെ റെനോ ഉടമകൾ എന്നുള്ള അനുഭവം കൂടുതൽ സന്തോഷകരമാക്കുവാനാണ് ഈ നടപടികൾ. റെനോ കൈഗറിന്റെ പുതിയ മെച്ചപ്പെടുത്തിയ ശ്രേണി ഞങ്ങളുടെ ഉപഭോക്താക്കളുടെ പ്രതീക്ഷകൾക്കപ്പുറത്തേക്കായിരിക്കുമെന്നും വാഹന വ്യവസായ മേഖലയിലെ ഏറ്റവും വിശ്വാസ്യതയുള്ള ബ്രാൻഡ് എന്ന ഞങ്ങളുടെ സ്ഥാനം അരക്കിട്ടുറപ്പിക്കുമെന്നും തങ്ങൾക്ക് ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു.പ്രായപൂർത്തിയായ യാത്രക്കാരുടെ സുരക്ഷക്കുള്ള ഗ്ലോബൽ എൻ സി എ പി യുടെ 4 സ്റ്റാർ സുരക്ഷാ റേറ്റിങ്ങും റെനോ കൈഗറിന് ലഭിച്ചിട്ടുണ്ട്. ആഗോള കാർ വിലയിരുത്തൽ പരിപാടികളിലെ മുൻ നിരയിലുള്ള ഒന്നാണ് ഗ്ലോബൽ എൻ സി എ പി. ഡ്രൈവറുടേയും മുന്നിലിരിക്കുന്ന യാത്രക്കാരന്റേയും സുരക്ഷിതത്വത്തിനായി റെനോ കൈഗറിൽ 4 എയർബാഗുകൾ ഉണ്ട്. മുന്നിലും അരുകിലും. അതോടൊപ്പം തന്നെ ഡ്രൈവർക്ക് പ്രീടെൻഷണറും ലോഡ് ലിമിറ്ററും ഉള്ള സീറ്റുബെൽറ്റുകളും നൽകിയിട്ടുണ്ട്. ഇതിനു പുറമേ റെനോ കൈഗറിൽ ഇംപാക്റ്റ് സെൻസ് ചെയ്തുകൊണ്ട് ഡോറുകൾ അൺലോക്ക് ചെയ്യുന്ന സംവിധാനവും സ്പീഡ് അറിഞ്ഞു കൊണ്ട് ഡോറുകൾ ലോക്ക് ചെയ്യുന്ന സംവിധാനവും അധികമായുണ്ട്. ക്രമീകരിക്കാവുന്ന ഹെഡ് റെസ്റ്റുകളോടു കൂടിയ 60/40 സ്പ്ലിറ്റ് പിറകിലെ സീറ്റും, കുട്ടികളുടെ സീറ്റുകൾക്ക് ഐ എസ് ഒ എഫ് ഐ എക്സ് ആംഗറേജും മറ്റ് സവിശേഷതകളാണെന്നും അദ്ദേഹം പറഞ്ഞു.

# ജനപങ്കാളിത്തത്തോടെയുള്ള കൊച്ചി നഗരസഭയുടെ നഗര ശുചീകരണം ആരംഭിച്ചു

**കൊച്ചി:** കൊച്ചി നഗരസഭയുടെ ബഹുജനപങ്കാളിത്തത്തോടെയുള്ള നഗര ശുചീകരണം ആരംഭിച്ചു. മെയ് രണ്ടു മുതൽ ശുചീകരണം ആരംഭിക്കുമെന്നാണ് ഹൈക്കോടതിയിൽ സർക്കാർ കൊടുത്ത സത്യവാങ്മൂലം. സി.പി.എം ജില്ലാ സെക്രട്ടറി സി.എൻ.മോഹനൻ ശുചീകരണം ഉദ്ഘാടനം ചെയ്തു. വിവിധ സംഘടനകൾ നഗരത്തിൻറെ വിവിധ പ്രദേശങ്ങൾ ശുചീകരിക്കുവാൻ മുന്നിട്ട് ഇറങ്ങി. പെട്രോളിയം ഗ്യാസ് പനമ്പിള്ളി നഗർ, മനോരമ ജംഗ്ഷൻ പരിസരവും, കൊച്ചിൻ ഷിപ്പ്യാർഡ് എംപ്ലോയീസ് ഫെഡറേഷൻ ശ്രീകണ്ഠത്ത് റോഡ് മുതൽ ജോസ് ജംഗ്ഷൻ വരെയും , കെട്ടിട നിർമ്മാണ തൊഴിലാളി യൂണിയൻ, എറണാകുളം എ.സി, ഷോപ്പ്സ് യൂണിയൻ എന്നീ സംഘടനകൾ കാനൻഷെഡ് റോഡ് പരിസരവും, കെ.എം.സി.എസ്.യു നഗരസഭ ഓഫീസ് പരിസരംവും ബോട്ട് ജെട്ടിയും, സിറ്റി ചുമട് എറണാകുളം മാർക്കറ്റ്, കെ.എസ്.ടി.എ ടൗൺ ഹാൾ മുതൽ കച്ചേരിപ്പടി വരെ, എൻ.ജി.ഒ യൂണിയൻ മെഡിക്കൽ ട്രസ്റ്റ് മുതൽ കടവന്ത്ര വരെയും, കർഷക സംഘം കടവന്ത്രയിലും, ജനാധിപത്യ മഹിളാ അസോസിയേഷൻ കലൂർ ഭാഗത്തും, കച്ചേരിപ്പടി മുതലുള്ള ഭാഗങ്ങൾ ഡി .വൈ.എഫ്.ഐയും മഹാരാജാസ്



കോളേജ് പരിസരം എസ്.എഫ്. ഐയും ഈ പ്രവർത്തനത്തിൻറെ ഭാഗമായി ശുചീകരിച്ചു. മേയർ എറണാകുളം മാർക്കറ്റിലെ ചുമട്ട് തൊഴിലാളികളോടൊപ്പം ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

# ഫിസിഷ്യൻ അപ്ഡേറ്റ് സംഘടിപ്പിച്ചു




**കൊച്ചി:**വിപിഎസ് ലേക്ഷോർ ആശുപത്രിയുടെ നേതൃത്വത്തിൽ 'എൻലൈറ്റ് 2023' ഫിസിഷ്യൻ അപ്ഡേറ്റ് കോൺഫ്രൻസ് സംഘടിപ്പിച്ചു. ആരോഗ്യമേഖലയിലെ നൂതന വികാസങ്ങളെക്കുറിച്ചു ചർച്ച ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സമ്മേളനം സംഘടിപ്പിച്ചത്. ഏപ്രിൽ 29, 30 തീയതികളിലായി കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ നടന്ന സമ്മേളനത്തിൽ വിവിധ ജില്ലകളിൽ നിന്നായി 200ഓളം ഫിസിഷ്യന്മാർ പങ്കെടുത്തു. ആരോഗ്യരംഗത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്യാൻസർ ചികിത്സയിലെ നൂതന രീതികൾ, ഓട്ടോ ഇമ്യൂൺ രോഗങ്ങളുടെ ചികിത്സയിലെ നൂതന രീതികൾ, ഗ്യാസ്ട്രോ സംബന്ധ രോഗങ്ങളുടെ ചികിത്സ, ജീവിതശൈലീ രോഗങ്ങൾ പുതിയ രോഗനിർണയ സങ്കേതങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ 22 പേർ പ്രബന്ധം അവതരിപ്പിച്ചു.

## മദേഴ്സ് ഡേ പാക്കേജ് ലേക്ഷോറിൽ

**കൊച്ചി:**ലോക മാതൃദിനത്തിടനുബന്ധിച്ചു അമ്മമാർക്കായി പ്രത്യേക പരിശോധനാ ഇളവുകൾ വിപിഎസ് ലേക്ഷോറിൽ. മാമ്മോഗ്രാം, അൾട്രാസൗണ്ട് സ്ക്രീനിങ്, അബ്ഡൊമെൻ അൾട്രാസൗണ്ട് എന്നിവയ്ക്കാണ് പരിശോധന ഇളവുകൾ. 40 വയസ്സിന് മുകളിലുള്ളവർക്കായുള്ള പാക്കേജിന് 2000 രൂപയും 40 വയസ്സിന് താഴെയുള്ളവർക്ക് 1500 രൂപയുമാണ് നിരക്ക്. മാമ്മോഗ്രാം, അൾട്രാ സൗണ്ട് സ്ക്രീനിങ് എന്നിവ ഉൾപ്പെടുന്ന പ്രത്യേക പാക്കേജ് 1000 രൂപയ്ക്കും ലഭിക്കും. കാലാവധി മെയ് ഒന്ന് മുതൽ 31 വരെ. വിവരങ്ങൾക്ക്: 0484 2701033, 18003138775

## വിദ്യാർത്ഥികളുടെ കലാ പ്രദർശനം: അപേക്ഷ തീയതി നീട്ടി

**കൊച്ചി:** കേരള ലളിതകലാ അക്കാദമിയുടെ 51ാമത് സംസ്ഥാന പ്രദർശനത്തോടനുബന്ധിച്ച് അക്കാദമിയുടെ ആലപ്പുഴ ഗാലറിയിൽ കലാഭിരുചിയുള്ള വിദ്യാർത്ഥികളുടെ കലാ പ്രദർശനം സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്ക് സമകാലീന കല പരിചയപ്പെടുത്തുകയും കലാവിദ്യാഭ്യാസത്തിലേക്ക് വഴി കാട്ടുകയും ചെയ്യുകയാണ് ഉദ്ദേശം. 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മലയാളികളായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കുന്ന കലാസൃഷ്ടി അക്കാദമി നിർദേശിക്കുന്ന തരത്തിൽ ഫ്രെയിം ചെയ്ത് പ്രദർശനത്തിന് ഉദ്ദേശിക്കുന്ന തീയതിക്ക് മുൻപ് അക്കാദമിയുടെ ആലപ്പുഴ ആർട്ട് ഗ്യാലറിയിൽ ലഭ്യമാക്കണം. ഇതുമായി ബന്ധപ്പെട്ട ട്രാൻസ്പോർട്ടേഷൻ അടക്കമുള്ള ചെലവ് അക്കാദമി വഹിക്കുന്നതല്ല. കലാസൃഷ്ടിയുടെ തെരഞ്ഞെടുപ്പ് അക്കാദമി നിശ്ചയിക്കുന്ന ജൂറിയിൽ നിക്ഷിപ്തമായിരിക്കും. പ്രദർശനശേഷം 10 ദിവസത്തിനകം കലാസൃഷ്ടി തിരികെ കൈപ്പറ്റേണ്ടതാണ്. തെരഞ്ഞെടുക്കുന്ന കലാസൃഷ്ടിയ്ക്ക് എൻട്രി ഫീ 50/ രൂപ ആയിരിക്കും. യു. പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നിങ്ങനെ ഓരോ വിഭാഗത്തിനും മൂന്ന് വീതം സമ്മാനങ്ങൾ നൽകുന്നതാണ്. വിദ്യാർത്ഥികളുടെ കലാപ്രദർശനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയ്യതി മെയ് 05 വരെ നീട്ടിയിരിക്കുന്നു. അപേക്ഷ വെബ്സൈറ്റ് വഴി ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുള്ളൂ. (www.lalithkala.org) വെന്നും സെക്രട്ടറി എൻ.ബാലമുരളീകൃഷ്ണൻ അറിയിച്ചു.

# പത്മശ്രീ ചെറുവയൽ രാമനെ ആദരിച്ചു



കൊച്ചി: അറുപതോളം പാരമ്പര്യ നെൽവിത്തുകൾ സംരക്ഷിച്ച പത്മശ്രീ ചെറുവയൽ രാമനെ റോട്ടറി കൊച്ചിൻ ടൈറ്റൻസിന്റെ നേതൃത്വത്തിൽ ആദരിച്ചു.രാമവർമ്മ ക്ലബ്ബ് സെന്റിനറി ഹാളിൽ നടന്ന ചടങ്ങിൽ റോട്ടറി ഡിസ്ട്രിക്ട് ഗവർണർ എസ് രാജ്മോഹൻ നായർ  ചെറുവയൽ രാമന് ഉപഹാരം സമ്മാനിച്ചു.കൊച്ചി മേയർ അഡ്വ.എം.അനിൽ കുമാർ മുഖ്യ അതിഥിയായിരുന്നു.വൈപ്പിൻ എംഎൽഎ എം എൻ ഉണ്ണികൃഷ്ണൻ, പരിസ്ഥിതി പ്രവർത്തകൻ സി ആർ നീലകണ്ഠൻ, റോട്ടറി കൊച്ചിൻ ടൈറ്റൻസ് പ്രസിഡന്റ് വിജയഭാസ്കർ പി ബി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# മത്സ്യത്തിന് ന്യായവില ഉറപ്പാക്കും: മന്ത്രി സജി ചെറിയാൻ



**ആലപ്പുഴ:** ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാൻ മത്സ്യത്തിന് ന്യായവില ഉറപ്പാക്കുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഇതിനായി പ്രത്യേക നിയമം നിയമസഭയിൽ പാസാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ എല്ലാ തുറമുഖങ്ങളിലും ഫിഷ് ലാൻഡിംഗ് സെന്ററുകളിലും ഈ നിയമം ഉറപ്പാക്കുമെന്നും അമ്പലപ്പുഴ ബ്ലോക്കിൽ സംഘടിപ്പിച്ച തീരസദസിന്റെ ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് മന്ത്രി പറഞ്ഞു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഭവനരഹിതരായ എല്ലാ മത്സ്യതൊഴിലാളികൾക്കും ലൈഫ് മിഷൻ, പുനർഗേഹം പദ്ധതികൾ വഴി സുരക്ഷിത ഭവനം ഉറപ്പാക്കും. ലൈഫ് മിഷനായി പട്ടയം കൈമാറിയവർക്ക് ഉടൻ തന്നെ പട്ടയം തിരികെ കൈമാറുമെന്നും മന്ത്രി പറഞ്ഞു. എല്ലാ മത്സ്യതൊഴിലാളി വീടുകളുടെയും ഇലക്ട്രിഫിക്കേഷൻ, അറ്റകുറ്റപ്പണികൾ എന്നിവ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കും.  പറവൂർ ആസ്ഥാനമായി മൽസ്യബന്ധന വല നിർമാണ ഫാക്ടറിയുടെ നിർമാണം ഉടൻ ആരംഭിക്കും. ഇതിനായുള്ള യന്ത്രങ്ങൾക്ക് ഓർഡർ നൽകി കഴിഞ്ഞു. 94 മൽസ്യതൊഴിലാളികൾക്കായി ചികിത്സാ ധനസഹായമായി അയ്യായിരം രൂപ വീതം നൽകും. മത്സ്യതൊഴിലാളി കുടുംബങ്ങളിലെ മാതാപിതാക്കൾ നഷ്ടപ്പെട്ട എല്ലാ കുട്ടികളുടെയും ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസച്ചെലവ് സർക്കാർ വഹിക്കും. മൽസ്യബന്ധന സീസണിനു മുൻപേ യാനങ്ങളുടെ എൻജിനുകളും വലകളും വിതരണം ഉറപ്പാക്കും. പുറക്കാട് 13, 14 വാർഡുകളിൽ അടിയന്തിരമായി പുലിമുട്ട് സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളും. ഫിഷറീസ് സർവകലാശാലയുടെ കീഴിൽ കൊല്ലത്തു പുതിയതായി കോളേജ് അടുത്ത വർഷം സ്ഥാപിക്കും. അമ്പലപ്പുഴ ഇ.എസ്.ഐ. മത്സ്യഭവൻ ഓഫീസ് നിർമാണത്തിനായി ഒരു കോടി രൂപ എം.എൽ.എ. ഫണ്ടിൽ നിന്നു അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. തീരങ്ങളെ പ്ലാസ്റ്റിക് മുക്തമാക്കും. ഇതിനായി മത്സ്യ തൊഴിലാളികളുടെ സഹകരണത്തോടെ ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയിലൂടെ 610 കിലോമീറ്റർ വരുന്ന സംസ്ഥാനത്തിന്റെ തീരം ഓണക്കാലത്ത് ഒരു ദിവസത്തെ യജ്ഞത്തിലൂടെ പ്ലാസ്റ്റിക് മുക്തമാക്കും. ചടങ്ങിൽ എച്ച് സലാം എം.എൽ.എ. അധ്യക്ഷത വഹിച്ചു. അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് എസ്. ഹാരീസ്, മുൻസിപ്പൽ ചെയർപേഴ്സൺ സൗമ്യ രാജ്, മുൻ എം.എൽ.എ വി.ദിനകരൻ, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, പുറക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് എ.എസ് സുദർശനൻ, അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശോഭ ബാലൻ, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് പി.ജെ. സൈറസ്, പുന്നപ്ര അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിത സതീശൻ, ജില്ല പഞ്ചായത്ത് അംഗം പി.അഞ്ജു, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് അംഗം  പ്രദീപ്തി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് അംഗം ജയപ്രകാശ്, ഫിഷറീസ് ജോയിന്റ് ഡയറക്ടർ എം. ശ്രീകണ്ഠൻ, മത്സ്യ ഫെഡ് ജില്ല മാനേജർ ബി.ഷാനവാസ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് റീജിയണൽ എക്സിക്യൂട്ടീവ് എ.വി.അനിത, ട്രേഡ്  യൂണിയൻ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ, മൽസ്യത്തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

# അന്ധരായ ലോട്ടറി വിൽപനക്കാർക്ക് വിഷു ബംബർ സമ്മാനിച്ചു



**കൊച്ചി:** നടനും സംവിധായകനുമായ ജേസിയുടെ 22ാം ചരമ വാർഷികത്തോടനുബന്ധിച്ച് ലോട്ടറി ടിക്കറ്റ് സിനിമയുടെ ഗോൾഡൺ ജൂബിലിയുടെ ഭാഗമായി അന്ധരായ ലോട്ടറി വിൽപനക്കാർക്ക് വിഷു ബംബർ ലോട്ടറി സമ്മാനിച്ചു. എറണാകുളം ബ്ലൈൻഡ് ഫെഡറേഷൻ അംഗങ്ങളായ 11 പേർക്ക് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷാണ് ലോട്ടറി ടിക്കറ്റുകൾ സമ്മാനിച്ചത്. 30,000 രൂപ വിലവരുന്ന വിഷു ബംബർ  ടിക്കറ്റുകളാണ് ഇവർക്ക് നൽകിയത്. കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ ജേസി ഫൗണ്ടേഷൻ ചെയർമാൻ ജെ.ജെ കുറ്റിക്കാട്ട്, സംവിധായകൻ ആലപ്പി അഷറഫ്,  ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) ബി.അനിൽകുമാർ എന്നിവർ പങ്കെടുത്തു.

# കാർഷിക സെൻസസ്: ഫ്ളാറ്റുടമകൾ വിവരങ്ങൾ നൽകണം

**കൊച്ചി:** രാജ്യവ്യാപകമായി നടന്നുവരുന്ന11ാമത് കാർഷിക സെൻസസിന്കൃത്യമായി വിവരങ്ങൾ നൽകി ജില്ലയിലെ എല്ലാ ഫ്ലാറ്റുടമകളും സഹകരിക്കണമെന്ന്  ജില്ലാ കളക്ടർ എൻ.എസ്.കെ  ഉമേഷ് അറിയിച്ചു.കേന്ദ്ര സർക്കാരിന്റെ കൃഷിയും കർഷകക്ഷേമവും മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം അഞ്ച് വർഷത്തിലൊരിക്കലാണ് കാർഷിക സെൻസസ് നടത്തുന്നത്.1970-71 ലാണ് ആദ്യ കാർഷിക സെൻസസ് രാജ്യത്ത് നടന്നത്. കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സാമൂഹിക സാമ്പത്തിക മേഖലകളിലെ നയരൂപീകരണത്തിനും ഈ സെൻസസിന്റെ ഡാറ്റ ഉപയോഗിക്കുന്നു.സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഇൻവെസ്റ്റിഗേറ്റർമാരുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട എന്യൂമറേറ്റർമാർ എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലെ എല്ലാ വീടുകളും ഫ്ലാറ്റുകളും സ്ഥാപനങ്ങളും സന്ദർശിച്ച് 2021 22 കാർഷിക വർഷത്തെ അടിസ്ഥാനമാക്കിയുള്ള കാർഷിക മേഖലയെ സംബന്ധിക്കുന്ന വിവരങ്ങൾ ഈ സെൻസസിലൂടെ ശേഖരിക്കുന്നു.മൂന്ന് ഘട്ടങ്ങളിലായി നടത്തപ്പെടുന്ന ഈ സെൻസസിന്റെ ഒന്നാം ഘട്ടത്തിൽ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലും കൈവശാനുഭവത്തിലുമുള്ള ഭൂമിയുടെ എണ്ണവും വിസ്തൃതിയും, സാമൂഹിക വിഭാഗം, ജെൻഡർ, ഭൂമിയുടെ തരം എന്നീ പ്രാഥമിക വിവരങ്ങളാണ് ശേഖരിക്കുന്നത്.രാജ്യത്തിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് വേണ്ടി മാത്രമായാണ് ഈ ഡാറ്റ ഉപയോഗിക്കുന്നത്.  ഈ സെൻസസിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ  മറ്റാർക്കും കൈമാറുന്നതല്ല .വകുപ്പിലെ ഉദ്യോഗസ്ഥർ അടുത്ത ദിവസങ്ങളിൽ ഫ്ലാറ്റുകൾ സന്ദർശിച്ച് ഫ്ലാറ്റ് നിവാസികളിൽ നിന്നും കൈവശഭൂമിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചു. കൃത്യമായ വിവരങ്ങൾ നൽകി ഫ്ലാറ്റുടമകൾ ഈ സെൻസസിനോട് പൂർണ്ണമായും സഹകരിക്കണമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 8547696128 നമ്പറിൽ ബന്ധപ്പെടുക.

# ഭൂരേഖകൾ പരിശോധിക്കാൻ അവസരം

കൊച്ചി: കണയന്നൂർ വില്ലേജിലെ ഡിജിറ്റൽ സർവെ റെക്കോർഡുകൾ എന്റെ ഭൂമി പോർട്ടലിലും (വഠുേ://ലിലേയവീീാശ.സലൃമഹമ.ഴീ.ശി) ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് കെട്ടിട സമുച്ചയത്തിലെ ഹാളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. റെക്കോർഡുകളിൽ പരാതി ഉണ്ടെങ്കിൽ നേരിട്ടോ, എന്റെ ഭൂമി പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്.  കൂടുതൽ വിവരങ്ങൾക്ക് 0484 2427503

# ഇ–ബാങ്ക് ഗ്യാരണ്ടി സൗകര്യവുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് ഉപഭോക്താക്കൾക്കായി ഇലക്ട്രോണിക് ബാങ്ക് ഗ്യാരണ്ടി (ഇബിജി) സൗകര്യം അവതരിപ്പിച്ചു. നാഷണൽ ഇ-ഗവേർണൻസ് സർവീസസ് ലിമിറ്റഡുമായി (എൻഇഎസ്എൽ) ചേർന്നാണ് എപിഐ അടിസ്ഥാനമാക്കിയുള്ള പേപ്പർ രഹിത ബാങ്ക് ഗ്യാരണ്ടി സൗകര്യം ലഭ്യമാക്കുന്നതെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ മുരളി രാമകൃഷ്ണൻ പറഞ്ഞു.സാധാരണ ഡോക്യുമെന്റേഷനും റെക്കോർഡ് സൂക്ഷിപ്പും ഇതിനാവശ്യമില്ല. ബാങ്കിന്റെ ആദ്യ ഇബാങ്ക് ഗ്യാരണ്ടി കഴിഞ്ഞ ദിവസം ഒരു മുൻനിര പൊതുമേഖലാ സ്ഥാപനത്തിനു വേണ്ടി ഇഷ്യൂ ചെയ്തു. എൻഇഎസ്എൽ മുഖേന 4.57 കോടി രൂപയുടെ ഇബാങ്ക് ഗ്യാരണ്ടിയായിരുന്നു ഇത്. തിരഞ്ഞെടുത്ത ഏതാനും ബാങ്കുകളിൽ മാത്രമെ ഇബാങ്ക് ഗ്യാരണ്ടി സൗകര്യമുള്ളൂ.പേപ്പർ ജോലികളിലൂടെ ജീവനക്കാർ നേരിട്ട് ബാങ്ക് ഗ്യാരണ്ടി ഇഷ്യൂ ചെയ്യുന്നതാണ് നിലവിലെ രീതി. ഇബാങ്ക് ഗ്യാരണ്ടി സംവിധാനം ഈ രീതിയെ പൂർണായും മാറ്റും. സ്റ്റാമ്പിങ്, ഒപ്പുവയ്ക്കൽ, ബാങ്ക് ഗ്യാരണ്ടി കൈമാറ്റം തുടങ്ങി വിവിധ പേപ്പർ ജോലികൾ അടങ്ങിയതാണ് നിലവിലെ ബാങ്ക് ഗ്യാരണ്ടി നടപടിക്രമങ്ങൾ. എന്നാൽ ഇബാങ്ക് ഗ്യാരണ്ടി ഇഷ്യൂ ചെയ്യുന്നതിന് ഈ ജോലികളെല്ലാം ഡിജിറ്റലായാണ് ചെയ്യുന്നത്. ഉപഭോക്താവ് നേരിട്ട് സ്റ്റാമ്പ് പേപ്പർ വാങ്ങുകയോ ഡോക്യൂമെന്റ് പ്രിന്റെടുക്കുകയോ നേരിട്ട് ഒപ്പുവയ്ക്കുകയോ ചെയ്യേണ്ടതില്ല. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ലക്ഷ്യ പൂർത്തീകരണത്തിന്റെ കാതൽ ഡിജിറ്റൈസേഷനാണ്. പ്രവർത്തനത്തിന്റെ 94ാം വർഷത്തിൽ എൻഇഎസ്എലുമായി ചേർന്ന് പുതിയ സൗകര്യം അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇബാങ്ക് ഗ്യാരണ്ടി സൗകര്യം സമയം ലാഭിക്കാനും ബിസിനസ് കൂടുതൽ ആയാസ രഹിതമാക്കാനും ബിസിനസ് ഉപഭോക്താക്കളെ സഹായിക്കും. വേഗത്തിലുള്ള പ്രൊസസിങ്, ചുരുങ്ങിയ ചെലവ്, കൂടുതൽ സുരക്ഷ, മെച്ചപ്പെട്ട ട്രാക്കിങ് എന്നീ വിവിധ ഗുണങ്ങളും ഇതുവഴി ഉപഭോക്താക്കൾക്ക് ലഭിക്കുമെന്നും സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ മുരളി രാമകൃഷ്ണൻ പറഞ്ഞു.മടുപ്പിക്കുന്ന ഒട്ടേറെ നടപടിക്രമങ്ങളിലൂടെ കടന്നുപോകേണ്ട ആവശ്യമില്ലാതെ ബാങ്ക് ഗ്യാരണ്ടികൾ വേഗത്തിൽ ലഭ്യമാക്കുന്ന ഒരു ഡിജിറ്റൽ ഉൽപ്പന്നം വേണമെന്ന ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ ആവശ്യം മുൻനിർത്തിയാണ് എൻഇഎസ്എൽ ഇബാങ്ക് ഗ്യാരണ്ടി സംവിധാനം വികസിപ്പിച്ചതെന്ന് എൻഇഎസ്എൽ എംഡിയും സിഇഒയുമായ ദേബജ്യോതി റായ് ചൗധരി പറഞ്ഞു.എൻഇഎസ്എലിന്റെ ഇബിജി പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതോടെ ലഭിക്കുന്ന ഡിജിറ്റൽ രൂപത്തിലുള്ള പേപ്പർ രഹിത ബാങ്ക് ഗ്യാരണ്ടിയാണിത്. യൂസർ രജിസ്ട്രേഷൻ നടപടികളും വളരെ ലളിതമാണ്. ഒറ്റത്തവണ ചെയ്താൽ മതി. ബാങ്ക് ഗ്യാരണ്ടിയുമായി ബന്ധപ്പെട്ട എല്ലാം എൻഇഎസ്എലിന്റെ ഇബിജി സംവിധാനം ഡിജിറ്റലായി പരിപാലിക്കുന്നു. ഈ ഉൽപ്പന്നം അവതരിപ്പിക്കുന്നതിന് ഞങ്ങളുടെ സംഘത്തോടൊപ്പം അശ്രാന്തം പ്രയത്നിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് ടീമിനെ താൻ അഭിനന്ദിക്കുന്നുവെന്നും ദേബജ്യോതി റായ് ചൗധരി പറഞ്ഞു.

# പുതിയ സ്മാർട്ട് ടാങ്ക് പ്രിന്ററുകളുമായി എച്ച് പി

**കൊച്ചി:** സൂക്ഷ്മചെറുകിട ബിസിനസുകാർക്കും വീടുകളിലും ഉപയോഗിക്കാവുന്ന പുതിയ സ്മാർട്ട് ടാങ്ക് പ്രിന്റർ പുറത്തിറക്കി എച്ച് പി. വളർന്നുവരുന്ന സംരംഭകർക്കും ബിസിനസ്സുകാർക്കും പുതിയ എച്ച് പി സ്മാർട്ട് ടാങ്ക് പ്രിന്ററുകൾ ഉപയോഗപ്രദമാണ്. സ്മാർട്ട് ഫീച്ചറുകൾ, മിക ച്ച കണക്ടിവിറ്റി, സ്മാർട്ട് ആപ്പ്, സ്മാർട്ട് അഡ്വാൻസ് എന്നിവയും പ്രത്യേകതയാണ്. 12,000 ബ്ലാക്ക് പേജുകളും 6,000 കളർ പേജുകളും പ്രിന്റ് ചെയ്യാനുള്ള പുതിയ മഷി ടാങ്ക് പ്രിന്റിലുണ്ട്.പുതിയ എച്ച്പി സ്മാർട്ട് ടാങ്ക് പ്രിന്ററിൽ ഐഡി കാർഡുകൾ കോപ്പി ചെയ്യുന്നതിനും ഡോക്യുമെന്റുകൾ സ്കാൻ ചെയ്യുന്നതിനും ഉപയോഗിക്കാം. സ്മാർട്ട് ടാങ്ക് ശ്രേണി ചെലവ് കുറഞ്ഞ കളർ, മോണോ പ്രിന്റിംഗും നൽകുന്നു. ദൈനംദിന പ്രിന്റ്, സ്കാൻ, കോപ്പി, ഫാക്സ് ടാസ്ക്കുകൾ എന്നിവയിൽ സഹായിക്കാൻ എച്ച്പി സ്മാർട്ട് ആപ്പ് സ്മാർട്ട് ഗൈഡഡ് ബട്ടണുകളുമുണ്ട്. വീടുകളിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ വ്യക്തിഗത സുരക്ഷ എച്ച്പി വുൾഫ് എസൻഷ്യൽ സെക്യൂരിറ്റി സെൻസിറ്റീവ് സംരക്ഷിക്കും. എച്ച്പി സ്മാർട്ട് ടാങ്ക് 580 ക്ക് 18848 രൂപയും എച്ച്പി സ്മാർട്ട് ടാങ്ക് 520 ന് 15980 രൂപയും എച്ച്പി സ്മാർട്ട് ടാങ്ക് 210 ന് 13326 രൂപയുമാണ്. രാജ്യത്തിന്റെ ജിഡിപിയുടെ 30% സംഭാവന ചെയ്യുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളാണ് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ഊർജ്ജം. ഭാവിയെക്കുറിച്ച് ശുഭാപ്തിവിശ്വാസം പുലർത്തുന്ന എംഎസ്എംഇകൾ മത്സരാധിഷ്ഠിത നേട്ടം നൽകുന്ന സ്മാർട്ട് സാങ്കേതിക പരിഹാരങ്ങൾ തേടുകയും ചെയ്യുന്നുണ്ടെന്നും എച്ച്പി ഇന്ത്യ മാർക്കറ്റ് പ്രിന്റിംഗ് സിസ്റ്റംസ് സീനിയർ ഡയറക്ടർ സുനീഷ് രാഘവൻ പറഞ്ഞു.

# കെഎസ് യുഎം വിവിധ ധനസഹായ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം) ഇന്നൊവേഷൻ ഡ്രൈവ് 2023ന്റെ ഭാഗമായി ഇന്നൊവേഷൻ ഗ്രാൻറുകൾ ലഭിക്കുന്നതിന് ഇന്നൊവേറ്റർമാർ, സ്റ്റാർട്ടപ്പുകൾ, സംരംഭകർ എന്നിവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. ഇവരുടെ നൂതന ആശയങ്ങൾ പ്രവർത്തികമാക്കുവാനും അവ വാണിജ്യവൽക്കരിക്കുന്നതിലും ആണ് ഈ ഗ്രാൻറുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്റ്റാർട്ടപ്പുകൾക്ക് ഫണ്ട് ആവശ്യമായ ഘട്ടത്തിൽ വർഷത്തിൽ ഏത് സമയത്ത് വേണമെങ്കിലും അപേക്ഷ സമർപ്പിക്കാവുന്നതാണ്.മെയ് ഒന്ന് മുതലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. വട്ടേ://ഴൃമിേ.മ്യേൗുാശശൈീ.ശി/. എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.സ്റ്റാർട്ടപ്പ് ആശയങ്ങൾ മുതൽ ഗവേഷണ വികസന പദ്ധതികൾക്ക് വരെയാണ് ധനസഹായം പ്രഖ്യാപിച്ചിരിക്കുന്നത്. അപേക്ഷകളിൽ നിന്ന് യോഗ്യതയുള്ള സ്റ്റാർട്ടപ്പുകളുടെ താത്കാലിക പട്ടിക പരിശോധനാ സമിതി തയ്യാറാക്കും. പിന്നീട് കെഎസ് യുഎം സംഘടിപ്പിക്കുന്ന ഐഡിയാ ഡേയിൽ വിദഗ്ധ സമിതിയ്ക്ക് മുമ്പാകെ ഈ സ്റ്റാർട്ടപ്പുകൾക്ക് തങ്ങളുടെ ആശയങ്ങൾ അവതരിപ്പിക്കാം. വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന സ്റ്റാർട്ടപ്പുകൾക്കാണ് ധനസഹായം ലഭിക്കുന്നത്.ഐഡിയ ഗ്രാൻറ്, പ്രൊഡക്റ്റൈസേഷൻ ഗ്രാൻറ്, മാർക്കറ്റ് ആക്സിലറേഷൻ ഗ്രാൻറ്, സ്കെയിൽഅപ്പ് ഗ്രാൻറ് എന്നിങ്ങനെ നാല് വിഭാഗങ്ങളായി തിരിച്ചാണ് ഇന്നൊവേഷൻ ഗ്രാൻറുകൾ നടപ്പിലാക്കുന്നത് . കൂടാതെ, സ്റ്റാർട്ടപ്പ് റിസർച്ച് ഗ്രാൻറിനുള്ള അപേക്ഷകളും തുറന്നിരിക്കുന്നു.ഐഡിയാ ഗ്രാൻറിന തുടക്കക്കാരായ സ്റ്റാർട്ടപ്പുകൾക്കും നൂതനാശയങ്ങൾ കൈമുതലായുള്ള വ്യക്തികൾക്കുമാണ് അപേക്ഷിക്കാൻ യോഗ്യതയുള്ളത്. പരമാവധി മൂന്ന് ലക്ഷം രൂപ വരെയാണ് ഈ വിഭാഗത്തിൽ ധനസഹായം ലഭിക്കുന്നത്.ഉത്പന്ന രൂപീകരണത്തിനായി പരമാവധി 7 ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. ഇതേ വിഭാഗത്തിൽ വനിതാ/ഭിന്നലിംഗ സംരംഭകർക്കായി പ്രത്യേകമായി 12 ലക്ഷം രൂപ ധനസഹായം വകയിരുത്തിയിട്ടുണ്ട്. സ്റ്റാർട്ടപ്പിലെ ഭൂരിഭാഗം ഓഹരിയും വനിതകളുടെ/ഭിന്നലിംഗക്കാരുടെ പേരിലായിരിക്കണം.വിപണി സാന്നിദ്ധ്യം കൂട്ടാനായി 10 ലക്ഷം രൂപ വരെയാണ് യോഗ്യതയുള്ള സ്റ്റാർട്ടപ്പുകൾക്ക് അനുവദിക്കുന്നത്. സ്കെയിലപ് ഗ്രാൻറ് വഴി പരമാവധി 15 ലക്ഷം രൂപ വരെ സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കും. ആറ് മാസത്തിനുള്ളിൽ 10 ലക്ഷം രൂപ വരുമാനമുണ്ടാക്കുകയോ, 30 ലക്ഷത്തിൽ കുറയാത്ത നിക്ഷേപം ആർജ്ജിക്കുകയോ ചെയ്ത സ്റ്റാർട്ടപ്പുകളെയാണ് ഈ ധനസഹായത്തിനായി പരിഗണിക്കുന്നത്.അത്യാധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്നതും നൂതനസംവിധാനവുമുള്ള സ്റ്റാർട്ടപ്പുകൾക്കാണ് ഗവേഷണവികസന(സ്റ്റാർട്ടപ്പ് റിസർച്ച് ഗ്രാൻറ് ) ധനസഹായം ലഭിക്കുന്നത്. പരമാവധി 30 ലക്ഷം രൂപവരെ ഈ വിഭാഗത്തിൽ ലഭിക്കും. ഉത്പന്നങ്ങളുടെ പേറ്റൻറ് കമ്പനികൾക്ക് ഉണ്ടായിരിക്കണം.സ്റ്റാർട്ടപ്പുകൾക്ക് വ്യവസായം തുടങ്ങുവാനും മുന്നോട്ടുള്ള നിക്ഷേപം ലഭിക്കുവാനായിട്ടാണ് കെഎസ് യുഎം ഇന്നോവേഷൻ ഗ്രാൻറ് പദ്ധതി നടപ്പിലാക്കുന്നത് . പോയ സാമ്പത്തികവർഷം 179 സ്റ്റാർട്ടപ്പുകൾക്കായി 10 കോടി രൂപയുടെ ധനസഹായമാണ് കെഎസ് യുഎം അനുമതി നൽകിയത് . കെഎസ് യുഎം ഇതുവരെ 38 കോടി രൂപയുടെ ഗ്രാൻറിന് അനുമതി നൽകിയിട്ടുണ്ട്

# ഏപ്രിലിൽ 3249 വാഹനങ്ങൾ വിറ്റഴിച്ച് നിസ്സാൻ

**കൊച്ചി:** ഏപ്രിലിൽ നിസാൻ മോട്ടോർ ഇന്ത്യ 3249 വാഹനങ്ങളുടെ വിൽപ്പന നടത്തി. മുൻ വർഷത്തെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷം 23 ശതമാനം വർധനവുണ്ടായതായി നിസ്സാൻ മോട്ടോർ ഇന്ത്യ അടുത്തിടെ പ്രഖ്യാപിച്ചിരുന്നു.ആഭ്യന്തര മൊത്തവ്യാപാരം 2617 യൂണിറ്റുകളും 632 യൂണിറ്റുകളുടെ കയറ്റുമതി വ്യാപാരവുമാണ് ഏപ്രിലിൽ രേഖപ്പെടുത്തിയത്. മുൻ വർഷത്തേക്കാൾ ആഭ്യന്തര വിൽപ്പനയിൽ മാർച്ചിൽ 8 ശതമാനം വളർച്ച രേഖപെടുത്തുയപ്പോൾ ഏപ്രിലിൽ 24 ശതമാനം വളർച്ചയാണ് രേഖപെടുത്തുയത്. നിസാൻ മാഗ്നൈറ്റിനു ലഭിച്ച ഒരു ലക്ഷത്തിലധികം ബുക്കിംഗുകൾ മുന്നോട്ടുള്ള വളർച്ചയുടെ ആക്കം കൂട്ടുന്നുണ്ട്. പതിനഞ്ചിലധികം രാജ്യങ്ങളിലേക്ക് കയറ്റുമതിയിലൂടെ ആഗോള സാന്നിധ്യം വിപുലീകരിക്കുന്നതിനൊപ്പംതന്നെ ആഭ്യന്തര വിപണിയിലും കൂടുതൽ ശ്രദ്ധ നൽകുന്നുണ്ട്. ജിഡിപി വളർച്ചയും സാധാരണ മൺസൂണും കണക്കിലെടുത്ത് ഉപഭോക്തൃ വികാരം പോസിറ്റീവായിതുടരുമെന്നും 202324 സാമ്പത്തിക വർഷത്തിൽ ഉയർന്ന ഒറ്റ അക്ക വളർച്ച നേടാനാകുമെന്നും പ്രത്യാശിക്കുന്നതായി നിസ്സാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാകേഷ് ശ്രീവാസ്തവ പറഞ്ഞു.

# വ്യവസായ ഷെഡ് ഒഴിവ്

**ആലപ്പുഴ:** ജില്ലാ വ്യവസായ കേന്ദ്രം ആസ്ഥാനമായി പ്രവർത്തിക്കുന്ന ആലപ്പുഴ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിന്റെ അധീനതയിലുള്ള മാന്നാർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വ്യവസായ ഷെഡ് ഒഴിവുണ്ട്. വ്യവസായിക ആവശ്യത്തിന് ഷെഡ് അനുവദിച്ചു കിട്ടാൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ രൂപരേഖ സഹിതം മെയ് 15നകം മാനേജിംഗ് ഡയറക്ടർ, ആലപ്പുഴ മിനി വ്യവസായ സഹകരണ സംഘം എ 107, ജില്ലാ വ്യവസായ കേന്ദ്രം, ഗവൺമെന്റ് ഗസ്റ്റ് ഹൗസിന് സമീപം, കളപ്പുര 689007 എന്ന മേൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.ഫോൺ: 9656573173

# കൊച്ചി മാരത്തൺ: അർജുൻ പ്രധാൻ ജേതാവ്

**കൊച്ചി:** ക്ലിയോസ്പോർട്സ് സംഘടിപ്പിച്ച പ്രഥമ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ ഉത്തരാഖണ്ഡ് ഡെഹ്റാഡൂൺ സ്വദേശി അർജുൻ പ്രധാൻ ജേതാവായി. 2 മണിക്കൂർ 32 മിനിറ്റ് 50 സെക്കൻഡിലാണ് 41 കാരനായ സൈനികൻ അർജുൻ 42.195 കിമീ ഓടിത്തീർത്തത്. 2 മണിക്കൂർ 36 മിനിറ്റ് 7 സെക്കൻഡിൽ ഓടിയെത്തിയ വിപുൽ കുമാർ, 2 മണിക്കൂർ 40 മിനിറ്റ് 42 സെക്കൻഡിൽ ഓടിയെത്തിയ വിനോദ് കുമാർ എസ് എന്നിവർ രണ്ടും മൂന്നും സ്ഥാനത്തെത്തി.വനിതകളുടെ വിഭാഗത്തിൽ മഹാരാഷ്ട്രയിൽ നിന്നുള്ള ജ്യോതി ശങ്കർ റാവ് ഗവാതെ 3 മണിക്കൂർ 17 മിനിറ്റ് 31 സെക്കൻഡിൽ ഒന്നാമതെത്തി. 3 മണിക്കൂർ 17 മിനിറ്റ് 38 സെക്കൻഡിൽ പൂർത്തിയാക്കിയ അശ്വിനി മദൻ ജാദവ്, 3 മണിക്കൂർ 18 മിനിറ്റ് 58 സെക്കൻഡിൽ ഓടിത്തീർത്ത ആസ ടി.പി എന്നിവർ രണ്ടും മൂന്നും സ്ഥാനത്തെത്തി.21.097 കിമീ ഹാഫ് മാരത്തണിൽ പുരുഷ വിഭാഗം ഒന്നാം സ്ഥാനം ഷെറിൻ ജോസ് നേടി.എടുത്ത സമയം 1 മണിക്കൂർ 14 മിനിറ്റ് 36 സെക്കൻഡ്,രണ്ടാം സ്ഥാനം അങ്കുർ കുമാർ (01:21:07),മൂന്നാം സ്ഥാനം ജോൺ പോൾ സി (01:23:07),വനിതാ വിഭാഗം ഒന്നാം സ്ഥാനം റീബ അന്ന ജോർജ് (01:39:38),രണ്ടാം സ്ഥാനം ഗായത്രി ജി (01:47:25),മൂന്നാം സ്ഥാനം ഗൗരി എസ് (02:00:34).10 കിമീ റേസ്-പുരുഷ വിഭാഗം ഒന്നാം സ്ഥാനം ആനന്ദ്കൃഷ്ണ കെ (00:35:15),രണ്ടാം സ്ഥാനം മനോജ് ആർ.എസ് (00:35:49),മൂന്നാം സ്ഥാനം അജിത് കെ (00:36:41)വനിതാ വിഭാഗം ഒന്നാം സ്ഥാനം ശ്വേത കെ (00:42:34),രണ്ടാം സ്ഥാനം നിത്യ സി.ആർ (00:44:14),മൂന്നാം സ്ഥാനം ആര്യ ജി (00:47:12)എന്നിവർ നേടി.സമ്മാനദാനച്ചടങ്ങിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയായിരുന്നു. കെഎംആർഎൽ എംഡി ലോകനാഥ് ബെഹറ, കോസ്റ്റ് ഗാർഡ് ഡിഐജി എൻ. രവി, സിനിമ താരം സാനിയ ഈയപ്പൻ, ഫെഡറൽ ബാങ്ക് എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ, സിഎഫ്ഒ വെങ്കട്ട്രാമൻ വെങ്കട്ടേശ്വരൻ, എക്സിക്യുട്ടിവ് ഡയറക്ടർ ശാലിനി വാരിയർ, മുൻ എക്സിക്യുട്ടിവ് ഡയറക്ടർ അശുതോഷ് ഖജൂരിയ, മാരത്തണിന്റെ ഔദ്യോഗിക മെഡിക്കൽ ഡയറക്ടറും ആസ്റ്റർ മെഡ്സിറ്റി എമർജൻസി മെഡിസിൻ വിഭാഗം മേധാവിയുമായ ഡോ. ജോൺസൺ കെ വർഗീസ് തുടങ്ങിയവർ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.മഹാരാജാസ് ഗ്രൗണ്ടിൽ പുലർച്ചെ 4 മണിക്ക് ഫെഡറൽ ബാങ്ക് സിഎംഒ എം.വി.എസ്. മൂർ



ത്തി, ഒളിമ്പ്യൻമാരായ ഒ.പി. ജയിഷ, ടി. ഗോപി എന്നിവർ ചേർന്ന് മാരത്തൺ ഫ്ളാഗ് ഓഫ് ചെയ്തു. ആരോഗ്യകരവും സക്രിയവുമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ഭാഗമായതിൽ ഏറെ അഭിമാനമുണ്ടെന്ന് എം.വി.എസ്. മൂർത്തി പറഞ്ഞു. സമൂഹത്തിൽ ക്രിയാത്മകമായ മാറ്റം കൊണ്ടുവരുന്ന ഉദ്യമങ്ങളെ പിന്തുണയ്ക്കുക എന്നത് ഒരു ബാങ്ക് എന്ന നിലയിൽ തങ്ങളുടെ കടമയാണ്. ഈ മാരത്തൺ അതിന് ഉത്തമ ഉദാഹരണമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇത്തരം ഉദ്യമങ്ങൾക്ക് ഭാവിയിലും പിന്തുണ നൽകുമെന്നും ഫെഡറൽ ബാങ്ക് സിഎംഒ കൂട്ടിച്ചേർത്തു.  നാല് വിഭാഗങ്ങളിലായി നടന്ന മാരത്തണിൽ 20 സംസ്ഥാനങ്ങളിൽ നിന്നും 6000ലേറെ പേർ പങ്കെടുത്തു. സംസ്ഥാന ടൂറിസം വകുപ്പ്, കേരള പോലീസ്, കെഎംആർഎൽ, ജിസിഡിഎ, ഇൻഫോപാർക്ക് കൊച്ചി, സ്മാർട്സിറ്റി കൊച്ചി എന്നിവയുടെ സഹകരണത്തോടെ ആസ്റ്റർ മെഡ്സിറ്റി കൊച്ചി, കേരളത്തിലെ പ്രമുഖ ബ്രാൻഡുകളായ നെസ്റ്റ് ഗ്രൂപ്പിന്റെ ഗോൾഡൻ വാലി, എൻജ്യൂസ് (ചഖഡദള്ള) വികെസി ഗ്രൂപ്പിന്റെ ഡിബോംഗോ എന്നിവയുടെ പങ്കാളിത്തത്തിലാണ് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ സംഘടിപ്പിച്ചത്.

# ഫോട്ടോ ജേർണലിസം: അപേക്ഷ ക്ഷണിച്ചു

KERALA MEDIA ACADEMY

കൊച്ചി: സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്ററുകളിൽ നടത്തുന്ന ഫോട്ടോ ജേർണലിസം കോഴ്സ് 2023 ജൂൺ ബാച്ചിലേക്ക്  അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നു മാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. ഓരോ സെന്ററിലും 25 സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000/ രൂപയാണ് ഫീസ്. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ഓൺലൈനായി  ooo.സല്യമഹമാലറശമമരമറലാ്യ.ീൃഴ എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം.  അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 15.  കൂടുതൽ വിവരങ്ങൾക്ക് ഫോൺ:  0484 2422275, 8281360360 (കൊച്ചി സെന്റർ), 0471 2726275, 9447225524 (തിരുവനന്തപുരം സെന്റർ)

# 'എയർ' മെയ് 12 മുതൽ പ്രൈം വീഡിയോയിൽ

**കൊച്ചി:** നേരത്തെ രണ്ട് ഒസ്കറുകൾ നേടിയിട്ടുള്ള സംവിധായകനായ ബെൻ അഫ്ലെക്കിന്റെയും ഹോളിവുഡ് താരം മാറ്റ് ഡാമന്റെയും ആർട്ടിസ്റ്റ് ഇക്വിറ്റിയിൽ നിന്നുള്ള ആദ്യ പ്രോജക്റ്റായി ആമസോൺ സ്റ്റുഡിയോസ്, സ്കൈഡാൻസ് സ്പോർട്സ്, മാൻഡലേ പിക്ചേഴ്സ് എന്നിവർ അവതരിപ്പിക്കുന്ന 'എയർ' എന്ന ചിത്രം പ്രമുഖ ഒടിടി പ്ലാറ്റ്ഫോമായ പ്രൈം വീഡിയോയിൽ മെയ് 12 മുതൽ സ്ട്രീമിംഗ് ആരംഭിക്കും. ലോകമെമ്പാടുമുള്ള 240ലധികം രാജ്യങ്ങളിലും പ്രദേശങ്ങളിലും ലഭ്യമാകുന്ന ചിത്രം പ്രൈം അംഗങ്ങൾക്ക് ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ, മലയാളം ഭാഷകളിൽ കാണാൻ സാധിക്കും. നിലവിൽ 1499 രൂപയാണ് പ്രൈം വിഡിയോയുടെ വാർഷിക വരിസംഖ്യ. ഏപ്രിൽ 5ന് ലോകമെമ്പാടുമുള്ള തീയറ്ററുകളിൽ റിലീസായ ചിത്രം 92% 'സർട്ടിഫൈഡ് ഫ്രഷ്' ടൊമാറ്റോമീറ്റർ റേറ്റിംഗും റോട്ടൻ ടൊമാറ്റോയിൽ 98% സ്കോറും നേടിയാണ് ഒടിടിയിലെത്തുന്നത്.

നൈക്കി കമ്പനിയുടെ ബാസ്കറ്റ്ബോൾ ഷൂനിരയായ എയർ ജോർദാന്റെ തുടക്കവും  എയറും ബാസ്കറ്റ്ബോൾ സൂപ്പർതാരം മൈക്കൽ ജോർദാനും തമ്മിൽ കരാറുണ്ടാക്കുന്നതിന് നൈക്കിയുടെ പ്രഗൽഭ എക്സിക്യൂട്ടീവായ സോണി വക്കാരോ നടത്തിയ ശ്രമങ്ങളും ചിത്രീകരിക്കുന്ന ബയോഗ്രഫിക്കൽ സ്പോർട്സ് ഡ്രാമയാണ് ചിത്രം. സോണി വക്കാരോ ആയി മാറ്റ് ഡാമനും നൈക്കിന്റെ സഹസ്ഥാപകനായ ഫിൽ നൈറ്റായി അഫ്ലെക്കും റോബ് സ്ട്രാസറായി ജേസൺ ബേറ്റ്മാനും ഡേവിഡ് ഫോക്ക് ആയി ക്രിസ് മെസീനയും പീറ്റർ മൂറായി മാത്യു മഹറും ജോർജ് റാവലിംഗ് ആയി ക്രിസ് ടക്ക



റും ഹോവാർഡ് വൈറ്റായി ക്രിസ് ടക്കറും ഡെലോറിസ് ജോർദാൻ ആയി ഡേവിസും ഹോർസ്റ്റ് ഡാസ്ലറായി ഗുസ്താഫ് സ്കാർസ്ഗാർഡുമാണ് വേഷമിടുന്നത്. അലക്സ് കൺവെറിയുടെ തിരക്കഥയിൽ എയർ നിർമ്മിക്കുന്നത് ഡേവിഡ് എല്ലിസൺ, ജെസ്സി സിസ്ഗോൾഡ്, ജോൺ വെയ്ൻബാച്ച്, അഫ്ലെക്ക്, ഡാമൺ, മാഡിസൺ ഐൻലി, ജെഫ് റോബിനോവ്, പീറ്റർ ഗുബർ, ജേസൺ മൈക്കൽ ബെർമാൻ എന്നിവർ ചേർന്നാണ്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമാരിൽ ഡാന ഗോൾഡ്ബെർഗ്, ഡോൺ ഗ്രാഞ്ചർ, കെവിൻ ഹലോറൻ, മൈക്കൽ ജോ, ഡ്രൂ വിന്റൺ, ജോൺ ഗ്രഹാം, പീറ്റർ ഇ. സ്ട്രോസ്, ജോർദാൻ മോൾഡോ എന്നിവരും ഉൾപ്പെടുന്നു. ബ്രൂസ് സ്പ്രിംഗ്സ്റ്റീൻ, സിണ്ടി ലോപ്പർ, ആർ.ഇ.ഒ. സ്പീഡ് വാഗൺ, ദി ക്ലാഷ്, നൈറ്റ് റേഞ്ചർ, ഡയർ സ്ട്രെയ്റ്റ്സ്, ഗ്രാൻഡ്മാസ്റ്റർ ഫ്ളാഷ് ആൻഡ് ദി ഫ്യൂരിയസ് ഫൈവ്, സ്ക്യൂസ് തുടങ്ങിയ പ്രമുഖ ബാൻഡുകളുടെ 80കളിലെ ഹിറ്റുകളുടെ അവിസ്മരണീയമായ ശബ്ദട്രാക്ക് ഇപ്പോൾ സോണി മ്യൂസിക് എന്റർടൈൻമെന്റിന്റെ കാറ്റലോഗ് ഡിവിഷനായ ലെഗസി റെക്കോർഡിംഗുകൾ ഇപ്പോൾ ഡിജിറ്റലായി ലഭ്യമാണ്.


